# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# എരിമയൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

# കേരള സംസ്ഥാന ഓഡിറ്റ വകുപ്പ
# ജില്ലാ ഓഡിറ്റ് കാര്യാലയം
# പാലക്കാട്-678001

**ഇ-മെയിൽ: dopkd.ksad@kerala.gov.in**

**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി.പി 10-1408/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 07/10/2025
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരിമയൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എരിമയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരിമയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ

നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി.പി 10-1408/25 തീയ്യതി: 07/10/2025

# പാലക്കാട് ജില്ലയിലെ എരിമയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ എരിമയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-08-2024 മുതൽ 02-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ

റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 08-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രേഖ.ആർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (ഇൻ ചാർജ്) | 08-08-2025 | 08-08-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2025 | 08-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. സുസ്മിത.കെ.വി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. സരിത.പി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനില.സി.എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. രാജേശ്വരി.സി. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. അശ്വിനി.ടി.കെ.ഓഡിറ്റർ
ശ്രീ. സന്ദീപ്.കെ.വി. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.പ്രേമകുമാർ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.ദിനേഷ്.കെ | സെക്രട്ടറി | 01-04-2024 | 03-09-2024 |
| ശ്രീ.സോമസുന്ദരൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-09-2024 | 09-10-2024 |
| ശ്രീ. സുധീർ എം | സെക്രട്ടറി | 10-10-2024 | 01-11-2024 |
| ശ്രീ.നസീർ | സെക്രട്ടറി | 02-11-2024 | 10-11-2024 |
| ശ്രീ.സോമസുന്ദരൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-11-2024 | 19-01-2025 |

| | | | |
|---|---|---|---|
| ശ്രീ.നസീർ | സെക്രട്ടറി | 20-01-2025 | 31-03-2025 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സോമസുന്ദരൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി.ബിൻസി.എസ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ലിൻസി സാമുവൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ശ്രീമതി.രാജേശ്വരി.പി. | ഹെഡ് മിസ്ട്രസ്സ് | 01-04-2024 | 31-03-2025 |
| ശ്രീമതി.നിത്തു ത്യാഗരാജ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 17-04-2024 |
| ശ്രീമതി.സുജയ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18-04-2024 | 05-08-2024 |
| ശ്രീമതി.സബീന കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-08-2024 | 31-03-2025 |
| ഡോ.കീർത്തി അശോകൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2024 | 31-03-2025 |
| ഡോ.അജി.പുന്നൂസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ.സുകന്യ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ.ഷെഹന | മെഡിക്കൽ ഓഫീസർ, ആയുർവേദം(അഡീഷണൽ ചാർജ്) | 01-04-2024 | 21-01-2025 |
| ഡോ.ഫാത്തിമ | മെഡിക്കൽഓഫീസർ (ആയുർവേദ) | 22-01-2025 | 31-03-2025 |
| ശ്രീമതി.സുറുമി | വി.ഇ.ഒ. സർക്കിൾ-2 | 01-04-2024 | 05-08-2024 |
| ശ്രീമതി.കവിത.കെ | വി.ഇ.ഒ. സർക്കിൾ-2 (Addl.Charge) | 06-08-2024 | 11-08-2024 |
| ശ്രീമതി.ശ്രീലേഖ | വി.ഇ.ഒ. സർക്കിൾ-2 | 12-08-2024 | 04-11-2024 |
| ശ്രീമതി.കവിത.കെ | വി.ഇ.ഒ. സർക്കിൾ-2 (Addl.Charge) | 05-11-2024 | 31-03-2025 |
| ശ്രീമതി.കവിത.കെ | വി ഇ ഒ - 1 | 01-04-2024 | 31-03-2025 |
| ശ്രീമതി.ഉമൈബ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ശ്രുതി.ആർ.നായർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2024 | 26-11-2024 |
| ശ്രീ.അരുൺ ബേബി.സി.എം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 27-11-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ്- അപാകത | 1-1-1 |
| 3 | സ്ഥിരനിക്ഷേപം രസീതി ലഭ്യമായില്ല | 1-1-2 |
| 4 | ഇൻവെസ്റ്റ്മെന്റ്- വിവരം ചേർത്തിട്ടില്ല | 1-1-3 |
| 5 | ആസ്തികളുടെ വിവരം കാലികമാക്കിയിട്ടില്ല | 1-1-4 |
| 6 | ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | ജിംനേഷ്യങ്ങൾ,ടർഫുകൾ ,സ്വിമ്മിംഗ്പൂളുകൾ എന്നിവയിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-11 |

| | | |
|---|---|---|
| 17 | തുക രസീതി ചെയുന്നതിൽ അപാകതകൾ കാണുന്നു | 1-12-1 |
| 18 | ക്രിമറ്റോറിയം- അപാകതകൾ | 1-12 |
| 19 | ചെക്കിംഗ് നടത്തുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടില്ല | 1-13-1 |
| 20 | കേരള സംസ്ഥാന സാംസ്ക്കാരിക ക്ഷേമനിധി ബോർഡിൽ നിന്നുള്ള കുടിശ്ശിക രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | 1-13-2 |
| 21 | കൃത്യ സമയത്ത് വിനോദ നികുതി ഈടാക്കുന്നില്ല | 1-13-3 |
| 22 | ജി എസ് ടി ക്ക് ആനുപാതികമായിട്ടല്ല വിനോദ നികുതി ഈടാക്കുന്നത് | 1-13-4 |
| 23 | സിനിമാട്ടോഗ്രഫി ലൈസൻസ് എടുക്കാതെ തിയറ്റർ പ്രവർത്തിക്കുന്നു | 1-13-5 |
| 24 | വിനോദ നികുതി പിരിവിലെ അപാകതകൾ | 1-13 |
| 25 | പ്രതിമാസ റീകൺസിലിയേഷൻ പത്രിക-അപാകങ്ങൾ | 1-14 |
| 26 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി (ജനറൽ) നടത്തിപ്പിലെ അപാകങ്ങൾ | 1-15 |
| 27 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി (എസ്സ്സി)- നടത്തിപ്പിലെ അപാകങ്ങൾ | 1-16 |
| 28 | രസീതി ഉപയോഗിക്കാതെ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത് എഗ്ഗർ നേഴ്സറിക്ക് തുക കൈമാറി | 1-17-1 |
| 29 | കോഴിക്കുഞ്ഞ് വിതരണം ചെയ്യുന്നതിന് മുമ്പ് കൈപ്പറ്റ് രസീത് നൽകിയിരിക്കുന്നു | 1-17-2 |
| 30 | മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല | 1-17-3 |

| | | |
|---|---|---|
| 31 | കോഴി വിതരണം-(എസ്.സി) പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-17 |
| 32 | വെറ്റിനറി ഡിസ്പെൻസറി കണ്ടിജെന്റ് ചെലവുകൾ-വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല | 1-18 |
| 33 | കണ്ണമ്പുള്ളി ജി.യു.പി.സ്ക്കൂളിൽ കമ്പ്യൂട്ടർ ലാബ് സജ്ജീകരണം-ലാപ്ടോപ്പുകൾ ലഭ്യമായതിന്റെ രേഖകളില്ല | 1-19 |
| 34 | വിദ്യാലയങ്ങൾ ഹൈടെക് ആക്കൽ-പ്രൊജക്റ്ററും അനുബന്ധ ഉപകരണങ്ങളും ലഭ്യമായതിന്റെ രേഖകളില്ല | 1-20 |
| 35 | മരുന്നുകൾ ലഭിക്കുന്നതിന് മുൻകൂറായി തുക അനുവദിച്ചെങ്കിലും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-21 |
| 36 | വാട്ടർടാങ്ക് വിതരണം - രേഖകൾ ലഭ്യമായില്ല | 1-22 |
| 37 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്ക്കോളർഷിപ്പ് -മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല | 1-23 |
| 38 | കൈമാറിയ മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായിട്ടില്ല | 1-24 |
| 39 | ഓഡിറ്റ് ഇംപാക്ട്-അധികം നൽകിയ 8522 രൂപ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരികെ ഒടുക്കി- | 1-25 |
| 40 | തൊഴിലുറപ്പു തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ -അപാകതകൾ | 1-26 |
| 41 | സെപ്റ്റിക് ടാങ്കോടുകൂടിയ കക്കൂസ് നിർമ്മാണം - ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കിയില്ല | 1-27 |

| | | |
|---|---|---|
| 42 | ഹരിതകർമ്മസേന വാഹനം റിപ്പയർ -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-28 |
| 43 | സിസിടിവി സ്ഥാപിക്കൽ- കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനം നടപ്പാക്കിയിട്ടില്ല | 1-29 |
| 44 | തെരുവുവിളക്ക് പരിപാലനം പ്രവൃത്തി നടപ്പാക്കിയതിലെ അപാകങ്ങൾ | 1-30 |
| 45 | തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ പദ്ധതി- വിളക്കുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ഇല്ല | 1-31 |
| 46 | വിനിയോഗവിവരം ലഭ്യമാക്കിയില്ല | 1-32 |
| 47 | ആയുർവ്വേദാശുപത്രിയുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-33 |
| 48 | മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കുന്നതിൽ കാലതാമസം | 1-34 |
| 49 | ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട് അനുവദനീയമല്ലാത്ത പ്രവൃത്തികൾക്കായി ചെലവഴിച്ചു | 1-35 |
| 50 | മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ | 1-36 |
| 51 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം | 1-37 |
| 52 | ജൽ ജീവൻ മിഷൻ പദ്ധതി- അവലോകനം | 1-38 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കാലിത്തീറ്റ സബ്സിഡി ജനറൽ-അധികം സബ്സിഡി അനുവദിച്ചു | 3-1 |

| | | |
|---|---|---|
| 2 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി (എസ്സ്‌സി)- അധിക സബ്സിഡി അനുവദിച്ചു | 3-2 |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്‍റെ വിവരം | 4-2 |
| 3 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിഹിതം | 4-3 |
| 4 | ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നൽകിയതിന്‍റെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്‍റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | വാർഷികകണക്ക് സംക്ഷിപ്തം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. എരിമയൂർ ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 17-5-2025 തീയതിയിലെ 3-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 20-6-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എൻ്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എൻ്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിൻ്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എൻ്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## **ബി. വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഏരിമയൂർഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർ

തീയതി:07-10-25

## 1-1-1 ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ്- അപാകത

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2618295.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് (–)390658.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ്സ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-2 സ്ഥിരനിക്ഷേപം രസീതി ലഭ്യമായില്ല

വാർഷികകണക്ക് പ്രകാരം സ്ഥിരനിക്ഷേപമായി 20316 രൂപയുണ്ട്. പ്രസ്തുത നിക്ഷേപത്തിന്റെ (Bank F.D.) രസീതി ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

## 1-1-3 ഇൻവെസ്റ്റ്മെന്റ്- വിവരം ചേർത്തിട്ടില്ല

RP- 8 പ്രകാരം 3000 രൂപ Interest From Investment ഇനത്തിൽ വരവ് വെച്ചിട്ടുണ്ട്. (പാലക്കാട് സ്മാൾ ഹൈഡ്രോ ഇലക്ട്രിക് കമ്പനിയുടെ ഡിവിഡന്റ് ഇനത്തിൽ ലഭിച്ച തുക). എന്നാൽ ബാലൻസ് ഷീറ്റിൽ പ്രസ്തുത ഷെയറുകളുടെ വിവരം (നിക്ഷേപ തുക ) ചേർത്തിട്ടില്ല.

## 1-1-4 ആസ്തികളുടെ വിവരം കാലികമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ വിവരം ഏത് കാലയളവ് വരെ കാലികമാക്കിയിട്ടുണ്ട് എന്ന് വ്യക്തമല്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 (Fixed Assets), B-11(A) – Accumulated Depreciation - എന്നീ ഷെഡ്യൂളുകളുടെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-1-5 ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ട 4 ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക് നീക്കിയിരുപ്പും ബാങ്ക് പാസ് ബുക്ക് നീക്കിയിരുപ്പും തമ്മിൽ പൊരുത്തപ്പെടുത്തി റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

## 1-2 ബജറ്റ്

9-2-2024 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2024-25 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 7.3.25 ലെ ഭരണ സമിതി യോഗതീരുമാനപ്രകാരം(1/3)ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

പുതുക്കിയ ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 30943225 |
| തൻവർഷം വരവ് | 247564000 |
| ആകെ വരവ് | 278507225 |
| ചെലവ് | 262112944 |
| നീക്കിയിരിപ്പ് | 16394281 |

## **1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 39146721.80 |
| വരവ് | 61332565 |
| ആകെ | 100479286.80 |
| ചെലവ് | 58714270 |
| | |

| നീക്കിയിരിപ്പ് | 41765016.80 |
|---|---|

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 21282000 | 21282000 | 21280057 | 1943 |
| വികസനഫണ്ട് - എസ്.സി.പി | 0 | 19426000 | 19426000 | 16775138 | 2650862 |
| മെയിന്ററനൻസ് ഗ്രാന്റ് റോഡ് | 0 | 11737000 | 11737000 | 6400598 | 5336402 |
| മെയിന്ററനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 6118000 | 6118000 | 5429849 | 688151 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ബാങ്ക് | 2714902 | 7760000 | 10474902 | 5950271 | 4524631 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ- പെർഫോമൻസ് ഗ്രാന്റ് (ട്രഷറി ) | 0 | 1565781 | 1565781 | 853219 | 712562 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് -ഗ്രാന്റ്- ബാങ്ക് | 1214412 | 3789904 | 5004316 | 2056246 | 2948070* |

* CFC -ബേസിക് I6 + Capital Contribution (1481590+574656) തുകകൾ കൂട്ടുമ്പോൾ 2056246 രൂപയാണ് ചെലവ് . പ്രസ്തുത ചെലവ് കണക്കിലെടുത്താൽ നീക്കിയിരുപ്പ് 2948070 രൂപയാണ് വരേണ്ടത്. എന്നാൽ B- 4 നീക്കിയിരുപ്പ് 3149406 രൂപയാണ്. ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള തുകയാണ് B4 ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മാർച്ച് മാസത്തിൽ TDS ഇനത്തിൽ പദ്ധതി ചെലവിൽ (I-6 Schedule) ഉൾപ്പെട്ട തുകകൾ 25 ഏപ്രിലിലാണ് ബാങ്കിൽ നിന്നും (GST Etc) ഒടുക്കിയിട്ടുള്ളത്. അതാണ് വ്യത്യാസത്തിന് കാരണം എന്നാണ് അറിയിച്ചത്

കേന്ദ്രാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 1640653 | 2708583 | 4349236 | 2032663 | 2316573 |

| | | | | | |
|---|---|---|---|---|---|
| സ്വച്ഛ്ഭാരത് അഭിയാൻ | 0 | 456472 | 456472 | **456472** | 0 |
| ഹരിയാലി | 8543 | 0 | 8543 | 0 | 8543 |

## തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 15 | 1576103 | 1576118 | 1575587 * | 531 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 31504829 | 31504829 | 31504829 | 0 |
| ആകെ | 15 | 33080932 | 33080947 | 33080416 | 531 |

** NREGS അക്കൌണ്ടിലേക്ക് ലഭിച്ച നേരിട്ട് ചെലവഴിച്ച 2801 രൂപ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും വാർഷികകണക്കിൽ വരവിലും ചെലവിലും ഉൾപ്പെടുത്തി യിട്ടില്ല.

## സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 1615780 | 0 | 1615780 | 500000 | 1115780 |
| ജലനിധി | 1005069 | 0 | 1005069 | 0 | 1005069 |

## പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 122437 | 0 | 122437 | 0 | 122437 |
| Health Grant(Diagnostic Infrastructure To PHCs) | 1058824 | 459137 | 1517961 | 107625 | 1410336 |
| Health Grant ( Towards Conversion Of PHCs & Subcentres Into Health & Wellness Centres) | 395637 | 679391 | 1075028 | 183841 | 891187 |
| Health Grant(Buildingless Subcentres) | | 2900597 | 2900597 | 0 | 2900597 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 343 | 244673880 | 187 | 78722153 | 156 | 55 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 7 | 21198386 | 10082921 | 48 |
| വെറ്ററിനറി സർജൻ | 4 | 4 | 768400 | 628000 | 82 |
| മെഡിക്കൽ ഓഫീസർ-PHC | 23 | 15 | 6817793 | 2880832 | 42 |
| മെഡിക്കൽ ഓഫീസർ- | 3 | 3 | 970000 | 964626 | 99 |

| | | | | | |
|---|---|---|---|---|---|
| ആയുർവേദം | | | | | |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 2 | 2 | 550000 | 527145 | 96 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 200000 | 15980 | 8 |
| വി.ഇ.ഒ-1 | 9 | 7 | 44253180 | 4891716 | 11 |
| വി.ഇ.ഒ-2 | 12 | 8 | 46073184 | 8144100 | 18 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 7 | 9254671 | 6363306 | 69 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 4 | 2800000 | 2110000 | 75 |
| സെക്രട്ടറി | 33 | 22 | 13325114 | 9360873 | 70 |
| അസി.സെക്രട്ടറി | 17 | 13 | 8826850 | 5276366 | 60 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 203 | 85 | 85436302 | 24102308 | 28 |
| എച്ച്.എം | 12 | 9 | 4200000 | 3373980 | 80 |
| ആകെ | 343 | 187 | 244673880 | 78722153 | 32 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 15 | 1576103 | 1576118 | 1575587 * | 531 |
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 31504829 | 31504829 | 31504829 | 0 |
| ആകെ | 15 | 33080932 | 33080947 | 33080416 | 531 |

** NREGS അക്കൌണ്ടിലേക്ക് ലഭിച്ച നേരിട്ട് ചെലവഴിച്ച 2801 രൂപ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും വാർഷികകണക്കിൽ വരവിലും ചെലവിലും ഉൾപ്പെടുത്തി യിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 9,424,800.00 | 662 |
| 2 | വിധവാ പെൻഷൻ | 21,942,500.00 | 1451 |
| 3 | വാർദ്ധക്യകാല പെൻഷൻ | 36,590,000.00 | 2611 |
| 4 | വികലാംഗ പെൻഷൻ | 6,899,900.00 | 450 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1,462,000.00 | 92 |

## 1-8 ക്യാഷ് പരിശോധന

എരിമയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4/08/25 തീയ്യതിയിൽ 3.30pm മണി സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ആറായിരത്തി

നാൽപ്പത്തി ഒമ്പത് രൂപ (₹6049/-) വരവിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ ILGMS സോഫ്റ്റ്‌വെയർ വഴിയാണ് നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നികുതി നികതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി, ലൈസൻസ് എന്നിവ സംബന്ധിച്ച ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

വാർഷിക പദ്ധതികൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി വിഹിതം വിനിയോഗിച്ച് പദ്ധതി നടപ്പാക്കുന്നുണ് ടെങ്കിലും തുടർസംരക്ഷണം ഉറപ്പാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല.പദ്ധതികളുടെ ലക്ഷ്യം/ആവശ്യകത എന്നിവ ചർച്ചചെയ്ത് ദീർഘവീക്ഷണത്തോടെ വാർഷിക പദ്ധതികൾ രൂപീകരിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്

ഡെപ്പോസിറ്റ് പ്രവർത്തികൾ യഥാസമയം പൂർത്തിയാക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

പഞ്ചായത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിന് മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കുന്നതിന് നിർവ്വഹണ അധികാരികൾ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2011-12 മുതൽ 2016-17 വരെയുള്ള കണക്കുകളാണ് അക്കൗണ്ടന്റ് ജനറൽ അവസാനമായി പരിശോധിച്ചിട്ടുള്ളത്. 23.01.2023ന് നടത്തിയ പെർഫോമൻസ് ഓഡിറ്റിൽ ഡിസംബർ 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

ഗുരുതരമായ ക്രമക്കേടുകളൊന്നും പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണി ച്ചിട്ടില്ല.

## 1-11 ജിംനേഷ്യങ്ങൾ,ടർഫുകൾ ,സ്വിമ്മിംഗ്പൂളുകൾ എന്നിവയിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് സ.ഉ(കൈ) നം.77/2023/LSGD തീയതി- 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 05.04.2023 -ലെ സ.ഉ (അച്ചടി) നം.25/2023/LSGD പ്രകാരം ഗ്രാമ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ചുള്ള വസ്തുനികുതി നിരക്കുകളുടെ പട്ടിക പുറപ്പെടുവിച്ചിട്ടുമുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 24.06.2023 ലെ തീരുമാനം നം.3/1 പ്രകാരം മേൽ ഉത്തരവുകൾക്കനുസൃതമായി കെട്ടിടങ്ങളെ ഉപയോഗക്രമം/തറവിസ്തീർണ്ണം എന്നിവ യ്ക്കനുസൃതമായി വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് അംഗീകരിക്കുകയും വിജ്ഞാ പനം ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള സ്വിമ്മിംഗ്പൂളുകൾ, ജിംനേഷ്യങ്ങൾ,

ടർഫുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ) തുടങ്ങിയവയ്ക്ക് ചതുരശ്ര മീറ്ററിന് 42 രൂപ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2024-25 വർഷത്തെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ജിംനേഷ്യങ്ങൾ, ടർഫുകൾ സ്വിമ്മിംഗ്പൂളുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന വാണിജ്യ സ്വഭാവത്തോട് കൂടിയവ) എന്നിവക്ക് വസ്തുനികുതി അസസ്ചെയ്ത് ഡിമാന്റ് ചെയ്തതായി കാണുന്നില്ല.

ഗൂഗിൾ വിവരങ്ങൾ, സ്ഥാപനങ്ങളുടെ വെബ് സൈറ്റുകൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ചുവടെ രേഖപ്പെടുത്തിയത് പ്രകാരമുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാകുന്നുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു

**1. നിയമാനുസൃതം വസ്തുനികുതി ചുമത്താതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഏതാനും ജിംനേഷ്യങ്ങളുടേയും ടർഫുകളുടേയും വിവരം ചുവടെ നൽകുന്നു.**

| ക്രമ നം | ജിംനേഷ്യം ടർഫുകളുടെ പേര് |
|---|---|
| 1 | S2 Sports Thripalur – Turf Erimayur |
| 2 | Muscle Palace Fitness Club - Gym Erimayur |
| 3 | Xtreme Multi Gym Kunissery |

**2.** മറ്റ് സ്ഥാപനങ്ങൾ ഇപ്രകാരം പ്രവൃത്തിക്കുന്നുണ്ടോ എന്നത് ഫീൽഡ് പരിശോധനയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ എന്നതും സ്വീകരിച്ച നടപടികളും അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 8/5.08.2025 ന് മറുപടിയായി മേൽ സ്ഥാപനങ്ങൾക്ക് വസ്തു നികുതി ഈടാക്കിവരുന്നില്ല. ഇനി ഈടാക്കാമെന്നും മറുപടി നൽകിയിട്ടുണ്ട്.

**<u>ഓഡിറ്റ് നിർദ്ദേശം</u>**

1.ജിം ടർഫ് എന്നിവ അളന്ന് എത്ര ച.മീ ഉണ്ടെന്ന് നിർണ്ണയിച്ച് നികുതി അസസ്സ് ചെയ്ത് ഫോം 6 ഉൾപ്പടെ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2.ഫീൽഡ് വേരിഫിക്കേഷൻ നടത്തി അസസ് ചെയ്യപ്പെടാത്ത എല്ലാ സ്ഥാപനങ്ങളേയും വസ്തുനികുതിക്ക് വിധേയമാക്കേണ്ടതാണ്.

## <u>1-12-1 തുക രസീതി ചെയുന്നതിൽ അപാകതകൾ കാണുന്നു</u>

ശ്മശാനത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം വാതക ശ്മശാനത്തിൽ ഏപ്രിൽ മാസത്തിൽ 24 മൃതദേഹങ്ങൾ ദഹിപ്പിച്ചിട്ടുണ്ട്. എന്നാൽ ലെഡ്ജർ പരിശോധിച്ചപ്പോൾ 16 പേരുടെ ഫീസ് മാത്രമാണ് പ്രസ്തുത മാസം ഒടുക്കിയിട്ടുള്ളത്.

രജിസ്റ്ററിലുള്ളവരുടെ പേര് വിവരം ചുവടെ നൽകുന്നു

| ക്രമനം. | പേര് വിലാസം രജിസ്റ്റർ പ്രകാരം |
|---|---|
| 1 | കൃഷ്ണൻ തെക്കേത്തറ മേലക്കോട് |
| | |

| | |
|---|---|
| 2 | ദേവി കിഴക്കേവോട് കണിയാർകോട് |
| 3 | ഓമന നെല്ലികോറ വീട് കുനിശ്ശേരി |
| 4 | ജിതിൻ കുത്തനൂർ |
| 5 | നാകു കുബളക്കോട് |
| 6 | നകുലനുണ്ണി ചിതലി |
| 7 | തത്ത മാരക്കാവ് |
| 8 | ഭവദാസ് എരിമയൂർ |
| 9 | ഗോവിന്ദസ്വാമി വാനൂർ |
| 10 | യശോദ |
| 11 | ദേവു ആലത്തൂർ |
| 12 | നാരായണൻ ചിബുകാട് |
| 13 | കോവാലൻ തെക്കേമുറി |
| 14 | രാമൻ എരിമയൂർ |
| 15 | അമ്മു എരിമയൂർ |
| 16 | മോഹനകണ്ണൻ ചാത്തൻകോട് |
| 17 | നാരായണൻ കുനിശ്ശേരി |
| 18 | മാലിനി മാടമ്പാറ |

| | |
|---|---|
| 19 | തങ്കവേലു കല്ലംകാട് |
| 20 | തങ്കപ്പൻ കിഴക്കാനിക്കോട് |
| 21 | രാജൻ കിഴക്കേത്തറ |
| 22 | കരുണാകരൻ വെങ്ങനൂർ |
| 23 | തങ്ക പല്ലശേന |
| 24 | വേലായുധൻ കുനിശ്ശേരി |

ക്രിമറ്റോറിയം രസീത് വരവിലെ വ്യത്യാസം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ഫീസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക പ്രസ്തുത കാലയളവിൽ പണം ആയി വാങ്ങിയിട്ടില്ല, ഈ പോസ് മെഷീൻ വഴി നേരിട്ട് തനത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുകയും മാസാവസാനം അപേക്ഷകളും ബാങ്ക് സ്റ്റേറ്റ്മെന്റും പരിശോധിച്ച് രസീത് ആക്കുകയുമായിരുന്നുവെന്നാണ് മറുപടി നൽകിയത്.

എന്നാൽ (140500207 Crematorium Fees) ഹെഡിൽ ഏപ്രിൽ മാസത്തിൽ ആകെ ആകെ 40,000 രൂപ (രസീതി നം-1240000019,1240100100,1240100099,1240100098) (40,000/2500=16 മൃതദേഹം) ക്രിമേഷൻ നടത്തിയതിന്റെ ഫീസ് മാത്രമേ രസീതി ആക്കിയിട്ടുള്ളു എന്ന് ബോധ്യപ്പെട്ടു. ബാക്കി തുടർമാസങ്ങളിൽ എപ്പോഴാണ് രസീതി ആക്കിയത് എന്ന് വ്യക്തമല്ല.

ഒരു മാസത്തെ വരവ്, രേഖകളെ അടിസ്ഥാനമാക്കി പരിശോധിച്ചതിലാണ് മേൽപറഞ്ഞ പ്രകാരം ഫീസിൽ കുറവ് കണ്ടത്. മറ്റു മാസങ്ങളിലെ വരവും രജിസ്റ്ററിലെ എണ്ണം അടിസ്ഥാനമാക്കി പരിശോധിച്ച് കുറവ് ഉണ്ടെങ്കിൽ

ക്രിമറ്റോറിയം കീപ്പറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.
നിലവിൽ ദിവസവേതനജീവനക്കാരനായ ക്രിമറ്റോറിയം കീപ്പർക്ക് കെ സ്മാർട്ട് ലോഗിൻ അനുവദിക്കാൻ കഴിയാത്തതിനാൽ ഇ പോസ് മെഷീൻ ഉപയോഗിക്കുന്നില്ല. മാനവൽ രസീതിയും ഉപയോഗിക്കുന്നില്ല. രജിസ്റ്ററിൽ തുക രേഖപ്പെടുത്തി തുടർ ദിവസങ്ങളിൽ ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസിൽ തുക ഒടുക്കുകയാണ് ചെയ്യുന്നത്. അതിനാൽ ഫീസ് നൽകുന്ന ഉപഭോക്താവിന് രസീതി നൽകുന്നില്ല. രസീതിയുടെ അഭാവത്തിൽ വാങ്ങുന്ന ഫീസ് പൂർണ്ണമായും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനും കഴിയുന്നില്ല.

## **ഓഡിറ്റ് നിർദ്ദേശം**

ഫീസ് ഇനത്തിൽ ലഭ്യമാവുന്ന തുക അതാത് ദിവസം തന്നെ വരവ് വെയ്ക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതുണ്ട്. അവധി ദിവസങ്ങളിൽ ലഭിക്കുന്ന തുക അടുത്ത പ്രവർത്തി ദിവസത്തിൽ തന്നെ രസീതി ആക്കേണ്ടതാണ്.

തുക ഫ്രണ്ട് ഓഫീസിൽ ഒടുക്കുമ്പോൾ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുമായി പരിശോധിച്ച് വരവിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.
തുക ഒടുക്കുന്ന ഉപഭോക്താവിന് ആയത് ഒടുക്കുമ്പോൾ തന്നെ രസീതി നൽകുന്നതിനുള്ള സംവിധാനവും ലഭ്യമാക്കേണ്ടതാണ്.

## **1-12 ക്രിമറ്റോറിയം- അപാകതകൾ**

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വാതക ശ്മശാനത്തിൽ മൃതദേഹം ദഹിപ്പിക്കുന്നതിന് 2500 രൂപ നിരക്കിൽ ഭരണ സമിതിയുടെ 03.10.2022 തീയതിയിലെ 6/2 തീരുമാന പ്രകാരം ഫീസ് ഈടാക്കിവരുന്നുണ്ട്.

ക്രിമറ്റോറിയം രജിസ്റ്റർ, അപേക്ഷകൾ, AFS എന്നിവ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ നൽകുന്നു.

**1.** വാർഷിക കണക്കും ക്രിമറ്റോറിയത്തിലെ രജിസ്റ്ററും പൊരുത്തപെടുന്നില്ല.

| വരവിനം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| തൻവർഷ കളക്ഷൻ | 485000 | 447500 |

രജിസ്റ്ററും വാർഷികകണക്കും തമ്മിൽ 37500 രൂപയുടെ വ്യത്യാസം കാണുന്നു. രജിസ്റ്റർ പ്രകാരം 1-4-24 മുതൽ 31-3 -25 വരെ 179 മൃതദേഹങ്ങളാണ് സംസ്കരിച്ചത്. (179x 2500= 447500). എന്നാൽ അത്രയും എണ്ണം അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

ക്രിമറ്റോറിയത്തിൽ സൂക്ഷിക്കുന്ന രജിസ്റ്റർ ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർ ആരും പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. ക്രിമറ്റോറിയം വരവ് പരിശോധിക്കുവാൻ ഓഫീസ് ഉത്തരവ് 17.10.2022 ന് ഓഫീസ് കത്ത് നം Os/2022 പ്രകാരം അനുപമ കെ (സീനിയർ ക്ലർക്ക്), സ്മിത എം (ഓ. എ) എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും വരവിന്റെ കൃത്യത പരിശോധിക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും പോരായ്മ ഉണ്ടായിട്ടുള്ളതായി പരിശോധനയിൽ

കണ്ടു.
രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും വാർഷിക കണക്കും രജിസ്റ്ററും തമ്മിലുള്ള വ്യത്യാസം പരിഹരിക്കപ്പെട്ടിട്ടില്ല.
ക്രിമറ്റോറിയം വരവ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ താഴെ ഉപഖണ്ഡികകളായി ചേർക്കുന്നു.
(ഓഡിറ്റ് അന്വേഷണം 11/07.08.2025 നൽകിയ മറുപടിയിലെ വിവരങ്ങളും കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.)

## 1-13-1 ചെക്കിംഗ് നടത്തുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടില്ല

31.01.2024ലെ സ.ഉ(കൈ) നം-17/2024/LSGD പ്രകാരം വിനോദ നികുതി ചോർച്ച തടയുന്നതിനായി സിനിമ തിയേറ്ററുകളിലും വിനോദ നികുതി ഒടുക്കാൻ ബാദ്ധ്യതയുള്ള സ്ഥാപനങ്ങളിലും ചെക്കിംഗ് നടത്തുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിക്കുന്ന രീതി തുടരേണ്ടതാണെന്നും ഇതിനായി നിയോഗിക്കുന്ന ഉദ്യോഗസ്ഥന് പ്രതിമാസം 500രൂപ അലവൻസായി നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അനുമതി നൽകിയിട്ടുള്ളതാണ്.എന്നാൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-13-2 കേരള സംസ്ഥാന സാംസ്ക്കാരിക ക്ഷേമനിധി ബോർഡിൽ നിന്നുള്ള കുടിശ്ശിക രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

18.01.2024 തീയതിയിലെ സ.ഉ(സാധാ)നം.137/2024/തസ്വഭവ ഉത്തരവ് പ്രകാരം സിനിമാ തീയേറ്ററുകളിൽ നിന്നും പിരിച്ചെടുക്കുന്ന വിനോദനികുതിയോടൊപ്പം

സിനിമാ സെസ്സ് കൂടി പിരിച്ച് അതാത് മാസങ്ങളിൽ തന്നെ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലേക്ക് അടക്കുന്ന ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാരിൽ നിക്ഷിപ്തമാണ്. ഇപ്രകാരം പിരിച്ചെടുക്കുന്ന തുക യഥാസമയം ബോർഡിലേക്ക് അടക്കാത്ത പക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി/പ്രസിഡന്റ് എന്നിവരിൽ നിന്നും പിഴ ഈടാക്കുന്നതാണ് എന്ന വ്യവസ്ഥയും ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തിയേറ്ററിന്റെ ലൈസൻസ് പുതുക്കി നൽകുവാൻ അപേക്ഷ നൽകുമ്പോൾ സെസ്സ് ഇനത്തിൽ മുൻ വാർഷിക പാദം വരെയുള്ള തുക അടച്ച് തീർത്തതായുള്ള സാക്ഷ്യപത്രം **(No Due Certificate)** ലഭ്യമായതിനു ശേഷം മാത്രമേ ലൈസൻസ് പുതുക്കി നൽകാവൂ.

2024-25 സാമ്പത്തിക വർഷത്തിൽ ഈടാക്കിയിട്ടുള്ള സിനിമ സെസ്സ് ബോർഡിലേക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതും മുൻവർഷങ്ങളിൽ ഈ ഇനത്തിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

## 1-13-3 കൃത്യ സമയത്ത് വിനോദ നികുതി ഈടാക്കുന്നില്ല

എല്ലാ മാസവും മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതി ഒടുക്കേണ്ടതാണെങ്കിലും 2023 ൽ 23.04.2024 ന് മാത്രമാണ് നികുതി അടവാക്കിയിട്ടുള്ളത്.

31.03.2025 ന് 167713 രൂപ, 05.05.2025 ന് 127938 രൂപ, 09.06.2025 ന് 135514 രൂപ എന്നിങ്ങനെ ആകെ **431165 രൂപ** പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിരിക്കുന്നു. പക്ഷേ ഇത്

ഏതു മാസത്തെ നികുതി ആണെന്ന് വ്യക്തതയില്ല. ഇത് സംബന്ധിച്ച റിട്ടേണുകളോ രേഖകളോ ലഭ്യമായില്ല
വിനോദ നികുതി രജിസ്റ്റർ കാലികമാക്കി എല്ലാ മാസവും നികുതി ഈടാക്കുന്നതിൽ ശ്രദ്ധചെലുത്തേണ്ടതാണ്. നികുതിയുടെ കൃത്യതയും ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-13-4 ജി എസ് ടി ക്ക് ആനുപാതികമായിട്ടല്ല വിനോദ നികുതി ഈടാക്കുന്നത്

തിയേറ്ററുകളിൽ നിന്ന് ജി.എസ്.ടി റിട്ടേൺസ് (GSTR 1 B)ലഭ്യമാക്കാതെ ഡെയിലി കളക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വിനോദ നികുതി ഈടാക്കിവരുന്നത്. ജി.എസ്.ടി റിട്ടേൺസ് വാങ്ങി സൂക്ഷിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ വിനോദ നികുതി ഈടാക്കേണ്ടതുമാണ്.

## 1-13-5 സിനിമാട്ടോഗ്രഫി ലൈസൻസ് എടുക്കാതെ തിയറ്റർ പ്രവർത്തിക്കുന്നു

തിയേറ്ററുകളിൽ നിന്ന് ജി.എസ്.ടി റിട്ടേൺസ് (GSTR 1 B)ലഭ്യമാക്കാതെ ഡെയിലി കളക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വിനോദ നികുതി ഈടാക്കിവരുന്നത്. ജി.എസ്.ടി റിട്ടേൺസ് വാങ്ങി സൂക്ഷിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ വിനോദ നികുതി ഈടാക്കേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ ത്തിന് (14/08.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 വിനോദ നികുതി പിരിവിലെ അപാകതകൾ

1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർറ്റെയ്ൻമെന്റ് ടാക്സ് ആക്ട് വകുപ്പ് 3 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടിക്കറ്റിന്റെ നിശ്ചിത ശതമാനം വിനോദ നികുതി ചുമത്തുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. സ.ഉ(കൈ)നം.112/2019/ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും ഈടാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായിട്ടുള്ളതും പ്രാബല്യ തിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തിട്ടുള്ളതാണ്. ചരക്ക്സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്നേഹ തിയ്യേറ്റർ എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. തീയറ്ററിൽ 2 സ്ക്രീനുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

വാർഷിക കണക്കുകൾ പ്രകാരം സാമ്പത്തിക വർഷത്തിൽ 64364/-രൂപയാണ് വിനോദ നികുതിയിനത്തിൽ വരവായി ലഭിച്ചത്. വരവിന്റെ കൃത്യത പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

## 1-14 പ്രതിമാസ റീകൺസിലിയേഷൻ പത്രിക-അപാകങ്ങൾ

2024-25 ലെ വാർഷിക ധനകാര്യ പത്രിക, ബാങ്ക്/ട്രഷറി ട്രാൻസാക്ഷൻ സ്റ്റേറ്റ്മെന്റുകൾ, പ്രതിമാസ പൊരുത്തപ്പെടൽ പത്രികകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബാങ്കിന്റെ പേര് | അക്കൗണ്ട് നം | 31.03.2025ലെ നീക്കിയിരിപ്പ് ബാങ്ക് ബുക്ക് പ്രകാരം | 31.03.2025 ലെ നീക്കിയിരിപ്പ് പാസ് ബുക്ക് പ്രകാരം | വ്യത്യാസം |
|---|---|---|---|---|---|
| 1. | THE SOUTH INDIAN BANK | 0130073000000531 | 1121290 | 1099997 | Cheque Deposited But Not Cleared<br>21292 Rs |

| | | | | | |
|---|---|---|---|---|---|
| | | | | | Directly Debited By Bank<br>1 Rs |
| 2. | STATE BANK OF INDIA EPAYMENT | 67390223886 | 3,897,222 | *3,881,945* | Cheque Deposited But Not Cleared<br>*15,276.00 Rs*<br>Directly Debited By Bank<br>1 Rs |
| 3. | Kerala Gramin Bank | 40741101030345 | *7,674,037.00* | *8,725,577.00* | Add<br>Cheque Deposited But Not Cleared<br>*969,797.00*<br>Directly Credited By Bank<br>*80,088.00*<br>*Cash Or Cheque* |

| | | | | | |
|---|---|---|---|---|---|
| | | | | | *Withdrawal*<br>*3,310.00*<br>*Less*<br>Directly Debited By Bank<br>*1,655.00* |
| 4. | STATE BANK OF INDIA OWN FUND | 57041002305 | *20,740,521.80* | *20,924,354.00* | Cheque Issued But Not Presented In Bank<br>*194,105.00*<br>Directly Credited To Bank<br>*1,655.20*<br>*Cash Or Cheque Withdrawal*<br>*1,655.20*<br>*Add* |

| | | | | | |
|---|---|---|---|---|---|
| | | | | | Directly Credited By Bank<br>*10273*<br>*Cash Or Cheque Withdrawal*<br>*3310* |
| 5. | THE SOUTH INDIAN BANK | 0130073000000531 | *1121290* | *1099997* | Cheque Deposited But Not Cleared<br>***21,292.00***<br>***Directly Debited By Bank***<br>***1 Rs*** |

2025 ഏപ്രിൽ മുതലുള്ള റീകൺസിലിയേഷൻ മൊഡ്യൂൾ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബാങ്ക് ബുക്കും പാസ്ബുക്കും തമ്മിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ മേൽ പ്രകാരം പട്ടികപ്പെടുത്തിയിട്ടുള്ള വ്യത്യാസങ്ങൾ പിന്നീട് എപ്രകാരമാണ് ക്രമീകരിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല.

## 1. വാർഷിക ധനകാര്യപത്രികയിലുള്ള ബാങ്ക് അക്കൗണ്ടുകളുടെ റീകൺസീലിയേഷൻ നടത്തിയിട്ടില്ല.

| ക്രമ നം | ബാങ്കിന്റെ പേര് | അക്കൗണ്ട് നം | ബാലൻസ് AFS പ്രകാരം |
|---|---|---|---|
| 1. | STATE BANK OF INDIA PENSION- | (57041002190) | 69782 |
| 2. | TREASURY- | (84480010998) | 3230 |
| 3. | STATE BANK OF INDIA-HARIYALI- | (57041002338) | 8543 |
| 4. | TREASURY- | (799011400006257) | 1367300 |

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/08.08.2025) ന് നൽകിയ മറുപടിയായി 01.04.2025 മുതൽ കെസ്മാർട്ട് നിലവിൽ വന്നിട്ടുള്ളതിനാൽ സോഫ്റ്റ്‌വെയറിൽ റീകൺസീലിയേഷൻ ചെയ്യുന്നതിനുള്ള സംവിധാനം നാളിതുവരെ ഓപ്പൺ ചെയ്ത് നൽകിയിട്ടില്ലാത്തതിനാൽ ആയത് കെ സ്മാർട്ടിൽ ശരിയാക്കി തരുന്ന മുറക്ക് റീകൺസീലിയേഷൻ പൂർത്തീകരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. റീകൺസീലിയേഷൻ പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-15 കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി (ജനറൽ) നടത്തിപ്പിലെ അപാകങ്ങൾ

പ്രൊജക്ട്നമ്പർ, പേര് - 52/25 , കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ -800000/- (വികസന ഫണ്ട്-ജനറൽ-400000, മറ്റുള്ളവ-400000)

ചെലവ് - 400000/- (വികസന ഫണ്ട്-ജനറൽ-400000)

ബിൽ നം- 8/2024-25 തീയതി- 22.03.2025

2024-25 സാമ്പത്തിക വർഷത്തിൽ ഒരു കറവ പശുവിന് ഒരു മാസം പരമാവധി 100 കിലോഗ്രാം കാലിത്തീറ്റ 50% സബ്സിഡിയോടെ ഒരു ഗുണഭോക്താവിന് പരമാവധി 10000 രൂപ എന്ന പരിധിക്ക് വിധേയമായി ക്ഷീരസഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിർവ്വഹണ രേഖകൾ പരിശോധിച്ചതിന്മേലുള്ള അപാകങ്ങൾ ചുവടെ ചേർക്കുന്നു.

<u>I) പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുകയുടെ 50% ൽ അധികം തുക സബ്സിഡി അനുവദിച്ചു.</u>

കേരള ഫീഡ്സ് എന്ന സ്ഥാപനത്തിന്റെ 17.10.2024 തീയതിയിലെ KFL/478/99/5991/24 നം പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 1515 രൂപ നിരക്കിൽ 520 ബാഗ് കേരള ഫീഡ്സ് എലൈറ്റ് കാലിത്തീറ്റയുടെ വില 787800 രൂപയാണ്. ഈ തുകയുടെ 50% 393900 രൂപയാണ്. എന്നാൽ 400000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. 6100 രൂപ അധികം നൽകിയിട്ടുണ്ട്. അധികം അനുവദിച്ച 6100 രൂപ കേരള ഫീഡ്സിൽ നിന്നോ

നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

Ii)കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

സഹകരണ സംഘങ്ങളിൽ കാലിത്തീറ്റ വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് കേരള ഫീഡ്സ് മാനേജർക്ക് ഡയറി ഫാം ഇൻസ്ട്രക്ടർ 02.07.2025 തീയതിയിൽ 140/2025നം കത്ത് നൽകിയതായി കാണുന്നു. കാലിത്തീറ്റ ലഭ്യമായതായോ വിതരണം ചെയ്തതിട്ടുള്ളതോ ആയ രേഖകൾ ലഭ്യമായിട്ടില്ല. കർഷകർക്ക് സഹകരണ സംഘങ്ങൾ വഴി കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

Iii) കാലിത്തീറ്റയുടെ വില മുൻകൂറായി അടച്ചതുവഴി ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ള തിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

കേരള ഫീഡ്സിന്റെ 17.10.2024 തീയതിയിലെ KFL/430/99(III) നം കത്തിൽ കാലിത്തീറ്റയുടെ വില മുഴുവനായും മുൻകൂറായി അടയ്ക്കുകയാണെങ്കിൽ പ്രത്യേക ആനുകൂല്യമായി ചാക്ക് ഒന്നിന് 25രൂപ അധികമായി അനുവദിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചതിനുശേഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഈ തുക അനുവദിക്കുക. ഇത്തരത്തിൽ ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ളതിന്റെ രേഖകളും മുൻകൂറായി തുക അടവാക്കുമ്പോൾ സ്ഥാപനവുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്.

Iv) ഇറക്ക് കൂലിയും അനുബന്ധചെലവുകളും വഹിക്കുന്നതിന് കൈകാര്യ ചെലവ് ചാക്ക് ഒന്നിന് 50രൂപ നിരക്കിൽ ലഭ്യമാക്കിയിട്ടുള്ളതിന്റെ രേഖകൾ

ഹാജരാക്കിയിട്ടില്ല

കാലിത്തീറ്റയുടെ ഇറക്ക് കൂലിയും മറ്റ് അനുബന്ധചെലവുകളും വഹിക്കുന്നതിന് കൈകാര്യ ചെലവ് ചാക്ക് ഒന്നിന് 50 രൂപ നിരക്കിൽ കേരള ഫീഡ്സ് നൽകുന്നതാണ്. പദ്ധതി പൂർത്തീകരിച്ചതിനുശേഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഈ തുക അനുവദിക്കുക. പ്രസ്തുത തുക ലഭ്യമാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ നിരാകരിച്ച 6100 രൂപ ഒഴികെയുള്ള ചെലവ് തുക 393900 തടസ്സപ്പെടുത്തുന്നു.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/08.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി (എസ്സ്സി)- നടത്തിപ്പിലെ അപാകങ്ങൾ

പ്രൊജക്ട്നമ്പർ, പേര് - 53/25 , കറവപ്പശുക്കൾക്ക് കാലിത്തീറ്റ (എസ്സ്.സി)

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ -800000/- (വികസന ഫണ്ട്- എസ്സ്സിപി -450000, മറ്റുള്ളവ-150000)

ചെലവ് - 450000/- (വികസന ഫണ്ട്-എസ്സ്സിപി-450000)

ബിൽ നം- 1/2024-25 തീയതി- 19.10.2024

കേരള ഫീഡ്സ്/മിൽമ എന്നീ സ്ഥാപനങ്ങൾ ഏതിൽ നിന്നെങ്കിലും കാലിത്തീറ്റ, നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് വാങ്ങി ക്ഷീരസംഘങ്ങൾ മുഖേന 75%

സബ്സിഡിയിൽ വിതരണം ചെയ്യുകയും ഗുണഭോക്തൃവിഹിതം 25% എസ്സ്സി വിഭാഗത്തിലുള്ള കർഷകരിൽ നിന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സംഘം വഴി വാങ്ങി പഞ്ചായത്തിൽ അടക്കുകയും, പദ്ധതി വിഹിതവും, ഗുണഭോക്തൃവിഹിതവും ചേർത്തുള്ള തുക കേരള ഫീഡ്സ്/മിൽമയുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറി നൽകുകയും ചെയ്യുക എന്നതാണ് ലക്ഷ്യമിട്ടിരുന്നത്. കാലിത്തീറ്റ, സംഘങ്ങളിൽ ഇറക്കുകയും സംഘം വഴി 75% സബ്സിഡിയിൽ കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്യുക എന്നതാണ് പ്രൊജക്ടിന്റെ ലക്ഷ്യങ്ങളായി പ്രൊജക്ട് രൂപീകരണ ഫോമിൽ രേഖപ്പെടുത്തിയിട്ടുള്ളത്. രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

<u>I)ഗുണഭോക്തൃവിഹിതം ഈടാക്കൽ</u>

ഗുണഭോക്തൃവിഹിതം 25% തുക എസ്സ്സി വിഭാഗത്തിലുള്ള കർഷകരിൽ നിന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സംഘം വഴി വാങ്ങി പഞ്ചായത്തിൽ ഒടുക്കണം എന്നാണ് പ്രൊജക്ട് രൂപീകരണ ഫോമിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എസ്സ്സി വിഭാഗത്തിലുള്ള കർഷകരിൽ നിന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്തൃവിഹിതം സംഘം വഴി വാങ്ങി പഞ്ചായത്തിൽ അടച്ചിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതുകൊണ്ടുതന്നെ കർഷകരിൽ നിന്ന് ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ ഒടുക്കിയോ അതോ നേരിട്ട് ചെലവഴിച്ചോ എന്ന് വ്യക്തമല്ല .

<u>Ii) പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുകയുടെ 75% ൽ അധികം തുക സബ്സിഡി അനുവദിച്ചു.</u>

കേരള ഫീഡ്സ് എന്ന സ്ഥാപനത്തിന്റെ 17.10.2024 തീയതിയിലെ KFL/478/99 നം പ്രൊഫോർമ ഇൻവോസ് പ്രകാരം, 390 ബാഗ് കേരള ഫീഡ്സ് എലൈറ്റ് കാലിത്തീറ്റയുടെ വില 1515 രൂപ നിരക്കിൽ ആകെ 590850 രൂപയാണ്. ഈ തുകയുടെ 75% 443137.5 രൂപയാണ്. എന്നാൽ 450000രൂപയാണ് അനുവദിച്ചിട്ടുള്ളത്. 6862.5രൂപ അധികം അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികം അനുവദിച്ച 6862 രൂപ കേരള ഫീഡ്സിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

<u>Iii)കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല</u>

അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്, കർഷകർക്ക് സഹകരണ സംഘങ്ങൾ വഴി കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

<u>Iv) കാലിത്തീറ്റയുടെ വില മുൻകൂറായി അടച്ചതുവഴി ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കിയില്ല</u>

കേരള ഫീഡ്സിന്റെ 17.10.2024 തീയതിയിലെ KFL/430/99(III) നം കത്തിൽ കാലിത്തീറ്റയുടെ വില മുഴുവനായും മുൻകൂറായി അടക്കുകയാണെങ്കിൽ പ്രത്യേക ആനുകൂല്യമായി ചാക്ക് ഒന്നിന് 25രൂപ അധികമായി അനുവദിക്കുന്നതാണെന്ന് പറയുന്നുണ്ട്. പദ്ധതി പൂർത്തീകരിച്ചതിനുശേഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഈ തുക അനുവദിക്കുക. ഇത്തരത്തിൽ ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ളതിന്റെ

രേഖകളും മുൻകൂറായി തുക അടവാക്കുമ്പോൾ സ്ഥാപനവുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്.

V) ഇറക്ക് കൂലിയും അനുബന്ധചെലവുകളും വഹിക്കുന്നതിന് കൈകാര്യ ചെലവ് ലഭ്യമാക്കിയിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

കാലിത്തീറ്റയുടെ ഇറക്ക് കൂലിയും മറ്റ് അനുബന്ധചെലവുകളും വഹിക്കുന്നതിന് കൈകാര്യ ചെലവ് ചാക്ക് ഒന്നിന് 50 രൂപ നിരക്കിൽ കൈകാര്യചെലവ് നൽകുന്നതാണ്. പദ്ധതി പൂർത്തീകരിച്ചതിനുശേഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഈ തുക അനുവദിക്കുക. തുക ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ് . മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് കേരള ഫീഡ്സിൽ നിന്നും കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകളും ഹാജരാക്കുന്നത് വരെ പദ്ധതിയുടെ ചെലവ് തുക 443138 രൂപ (നിരാകരിച്ച 6862 ഒഴികെ) തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/08-08-2025) മറുപടി ലഭ്യമാക്കിയില്ല.

## 1-17-1 രസീതി ഉപയോഗിക്കാതെ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത് എഗ്ഗർ നേഴ്സറിക്ക് തുക കൈമാറി

24.03.2025 തീയതിയിലെ മദേഴ്സ് ഫാം & എഗ്ഗർ നഴ്സറി എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് (നമ്പർ രേഖപ്പെടുത്തിയിട്ടില്ല) പ്രകാരം 120രൂപ നിരക്കിൽ 500 ഗ്രാമശ്രീ കോഴികളുടെ വിലയായ 60,000 രൂപ 24.03.2025 തീയതിയിലെ ബിൽ നം - 4/2024-25 പ്രകാരം സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ മദേഴ്സ് ഫാം & എഗ്ഗർ നഴ്സറി എന്ന

സ്ഥാപനത്തിന്റെ നമ്പർ,തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്ത ഇൻവോയ്സിൽ 10 രൂപ നിരക്കിൽ 500 ഗ്രാമശ്രീ കോഴികളുടെ വിലയായ 5000 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീതിയിൽ ഗുണഭോക്തൃവിഹിതമായ 5000 രൂപ എരിമയൂർ വെറ്റിനറി സർജനിൽ നിന്നും കിട്ടിബോധിച്ചു എന്നും രേഖപ്പെടുത്തിയതായി കാണുന്നു. ഗുണഭോക്താക്കളിൽ നിന്നുള്ള അപേക്ഷയോടൊപ്പം 50 രൂപ ഗുണഭോക്തൃവിഹിതം വെറ്റിനറി സർജൻ മുമ്പാകെ അടച്ചതായുള്ള സാക്ഷ്യപത്രവും ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ളതാണ്. രസീതി ഉപയോഗിക്കാതെ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത് എഗ്ഗർ നേഴ്സറിക്ക് തുക കൈമാറിയത് ക്രമപ്രകാരമല്ല. ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുമ്പോൾ രസീതി നൽകേണ്ടതും തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കിയശേഷം തുക നേഴ്സറിക്ക് നൽകേണ്ട സമയത്ത് ഗ്രാമപഞ്ചായത്തിൽ നിന്നും തുക ലഭ്യമാക്കി ചെലവ് അക്കൗണ്ട് ചെയ്യേണ്ടതുമാണ്.

## 1-17-2 കോഴിക്കുഞ്ഞ് വിതരണം ചെയ്യുന്നതിന് മുമ്പ് കൈപ്പറ്റ് രസീത് നൽകിയിരിക്കുന്നു

25.03.2025 തീയതിയിലാണ് എഗ്ഗർ നഴ്സറിയിൽ നിന്ന് കോഴിക്കുഞ്ഞുങ്ങൾ ലഭിച്ചിട്ടുള്ളത്. എന്നാൽ ചുവടെ ചേർത്ത അപേക്ഷകർ പ്രസ്തുത തീയതിക്ക് മുമ്പ് തന്നെ കോഴിക്കുഞ്ഞുങ്ങൾ ലഭിച്ചതായി കൈപ്പറ്റ് രസീത് നൽകി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | കൈപ്പറ്റ് തീയതി |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീജിത്ത്.എസ് (അപേക്ഷ നം-39) | 22.03.2025 |
| 2 | ദേവി (അപേക്ഷ നം-60) | 07.03.2025 |
| 3 | കമലം (അപേക്ഷ നം-70) | 12.03.2025 |

കോഴിക്കുഞ്ഞുങ്ങൾ വിതരണം ചെയ്യുന്നതിന് മുമ്പ് തന്നെ കൈപ്പറ്റിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. മേൽ അപാകത സംഭവിച്ചിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

**1-17-3 മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല**

പ്രൊജക്ട് മോണിട്ടറിംഗ് നിർവ്വഹിക്കേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ്. മോണിട്ടറിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റി തയ്യാറാക്കി നൽകിയിട്ടുള്ള പ്രൊജക്ട് മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/07.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 കോഴി വിതരണം-(എസ്.സി) പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

പ്രൊജക്ടിന്റെ നമ്പർ, പേര് : 59/25, കോഴി വിതരണം-എസ്.സി

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

അടങ്കൽ : 20,4000/- (വികസന ഫണ്ട് - എസ്.സി.പി)

ചെലവ് : 60,000/- (ബിൽ നം - 4/2024-25 തീയതി-24.03.2025)

സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് 45 മുതൽ 60ദിവസം പ്രായമുള്ള 5 മേൽത്തരം കോഴികുഞ്ഞുങ്ങളെ ഒരു കോഴിക്ക് 130രൂപ പ്രകാരം വാങ്ങി ഗുണഭോക്താവിന് സബ്സിഡിയോടെ വിതരണം ചെയ്യുന്നതുവഴി ഗ്രാമപഞ്ചായത്തിൽ മുട്ട ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും കോഴി വളർത്തലിലൂടെ വരുമാനം കണ്ടെത്തുന്നതിനും വഴിയൊരുക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. പരമാവധി സബ്സിഡി 600രൂപയും ട്രാൻസ്പോർട്ടേഷൻ ചെലവ്, കോഴിക്കൂടിന്റെ ചെലവ്, 50 രൂപ ഗുണഭോക്തൃവിഹിതം എന്നിവ വഹിക്കേണ്ടത് ഗുണഭോക്താവിന്റെ പൂർണ്ണ ഉത്തരവാദിത്തമാണെന്നും പ്രൊജക്ടിൽ വ്യക്തമാക്കുന്നുണ്ട്. രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-18 വെറ്റിനറി ഡിസ്പെൻസറി കണ്ടിജെന്റ് ചെലവുകൾ-വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല

പ്രൊജക്ടിന്റെ നമ്പർ, പേര് : 62/25, വെറ്റിനറി ഡിസ്പെൻസറി കണ്ടിജെന്റ് ചെലവുകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

അടങ്കൽ : 50000/- (മെയിന്റനൻസ് ഫണ്ട് - നോൺ റോഡ്)

ചെലവ് : 50000/- (ബിൽ നം - 5/2024-25 തീയതി-24.03.2025)

വെറ്റിനറി ഡിസ്പെൻസറിയുടെ കണ്ടിജെന്റ് ചെലവുകൾ നിർവ്വഹിക്കുന്നതിനുള്ള മേൽ പ്രൊജക്ടിൽ വാങ്ങിയിട്ടുള്ളതും ചുവടെ ചേർത്തിട്ടുള്ളതുമായ ഇനങ്ങളുടെ സ്റ്റോക്ക് എൻട്രി നടത്തിയിട്ടില്ല.

| ക്രമ നം | ഇനം | ഇൻവോയ്സ് നം & തീയതി | തുക |
|---|---|---|---|
| 1 | വാട്ടർ ടാങ്ക് | 619 Dtd 10.03.2025 (KHഹാർഡ്വെയർ & പ്ളംബിങ്, എരിമയൂർ) | 3185 |
| 2 | ഫാൻ, 2 എണ്ണം | 621 Dtd 20.03.2025 (KHഹാർഡ്വെയർ & പ്ളംബിങ്, എരിമയൂർ) | 8522 (4900-Fan) |
| 3 | വെസ്സൽസ് | 1778 Dtd 20.03.2025 (രേഖ മെറ്റൽസ്, എരിമയൂർ) | 2000 |

| | | | |
|---|---|---|---|
| 4 | ഇൻഡക്ഷൻ കുക്കർ | 1092 Dtd 20.03.2025 (മുബാറക്ക് ഇലക്ട്രോണിക്സ്) | 2900 |

മേൽ ഇനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (12/07.08.2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയോ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുകയോ ചെയ്തിട്ടില്ല. സ്റ്റോക്ക് എൻട്രി നടത്താതിന്റെ കാരണം വ്യക്തമാക്കേണ്ടതും സ്റ്റോക്ക് എൻട്രി നടത്തി ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-19 കണ്ണമ്പുള്ളി ജി.യു.പി.സ്ക്കൂളിൽ കമ്പ്യൂട്ടർ ലാബ് സജ്ജീകരണം-ലാപ്ടോപ്പുകൾ ലഭ്യമായതിന്റെ രേഖകളില്ല

പ്രൊജക്ട്നമ്പർ, പേര് - 240/25 ,
കണ്ണമ്പുള്ളി ജി.യു.പി.സ്ക്കൂളിൽ കമ്പ്യൂട്ടർ ലാബ് സജ്ജീകരണം(സ്പിൽ ഓവർ)

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ

അടങ്കൽ -500000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം -500000)

ചെലവ് - 492898/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം -500000)

ബിൽ നം- 5/2024-25 തീയതി- 07.09.2024

കണ്ണമ്പുള്ളി ജി.യു.പി.സ്ക്കൂളിൽ കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുന്നതിനായി CPRCS മുഖേന കെൽട്രോണിൽ നിന്നും 14 ലാപ്ടോപ്പുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് KSEDC ക്ക് (Kerala State Electronics Development Private Limited) തുക അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊഫോർമ ഇൻവോയ്സ് നം &തീയതി | ഇനം | യൂണിറ്റ് നിരക്ക് | അകെ തുക |
|---|---|---|---|
| TVM/ITBG/P1/RM/0338/23-24 Dtd 24.11.2023 | ലാപ്ടോപ്പ് കമ്പ്യൂട്ടർ<br>Processor- Intel Core I3 1115G4@ 4.10GHz 2 Core, 6MB Cashe TDP 12W<br>Memory- 8GB DDR4 RAM | 35207 (ആകെ 14 എണ്ണം) | 492898 |

മേൽ പ്രൊഫോർമ ഇൻവോയ്സിൽ 24.11.2023 ആണ് തീയതി രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ഇൻവോയ്സിന്റെ വാലിഡിറ്റി രേഖപ്പെടുത്തിയിട്ടുള്ളത് 2 ആഴ്ചയാണ്. പുതിയ ഇൻവോയ്സും മേൽ സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പുകൾ ലഭ്യമായതിന്റെയും രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/08.08.2025) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഇൻവോയ്സും

മേൽ സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതി ന്റേയും രേഖകൾ ഹാജരാക്കേണ്ടതാണ്.

**<u>1-20 വിദ്യാലയങ്ങൾ ഹൈടെക് ആക്കൽ-പ്രൊജക്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായതിന്റെ രേഖകളില്ല</u>**

പ്രൊജക്ട്നമ്പർ, പേര് - 241/25 , (സ്പിൽ ഓവർ)
-വിവിധ സ്ക്കൂളുകൾ ഹൈടെക് ആക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ

അടങ്കൽ -500000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം -500000)

ചെലവ് - 387260/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം -500000)

ബിൽ നം- 9/2024-25 തീയതി- 26.12.2024

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്ക്കൂളുകൾ ഹൈടെക് ആക്കുക എന്നതാണ് മേൽ പദ്ധതിയുടെ ലക്ഷ്യം. അതിനായി CPRCS മുഖേന കെൽട്രോണിൽ നിന്നും മൾട്ടിമീഡിയ പ്രൊജക്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് KSEDC ക്ക് (Kerala State Electronics Development Private Limited) തുക അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊഫോർമ ഇൻവോയ്സ് നം &തീയതി | ഇനം | യൂണിറ്റ് നിരക്ക് | ആകെ എണ്ണം | ആകെ തുക |
|---|---|---|---|---|---|
| 1 | TVM/ITBG/P1/RM/0524/23-24 Dtd 25.01.2024 | ലാപ്ടോപ്പ് കമ്പ്യൂട്ടർ<br>Processor-Intel Core I3 1115G4@ 4.10GHz 2 Core, 6MB Cashe TDP 12W<br>Memory-8GB DDR4 RAM | 35207 | 5 | 176035 |
| 2 | | Multimedia Projector(1024x768) | 31248 | 5 | 156240 |
| 3 | | Wall Type Pull Down Projection Screen (6ft X 4ft) | 3000 | 5 | 15000 |
| 4 | | Projector Ceiling Mount Kit | 1215 | 5 | 6075 |
| 5 | | HDMI Cable | 1490 | 5 | 7450 |
| 6 | | Wall Face Plate For HDMI | 560 | 6 | 2800 |
| 7 | | Power Cabling | 500 | 5 | 2500 |

| | | | | | |
|---|---|---|---|---|---|
| 8 | | Inslallation Ca[P | 3365 | 5 | 16825 |
| 9 | | USB Speaker | 867 | 5 | 4335 |

മേൽ സ്പെസിഫിക്കേഷനിലുള്ള ഇനങ്ങൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/08.08.2025) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. മേൽ സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പുകൾ ലഭ്യമായതിന്റെയും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെയും രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-21 മരുന്നുകൾ ലഭിക്കുന്നതിന് മുൻകൂറായി തുക അനുവദിച്ചെങ്കിലും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

പ്രൊജക്ട് നമ്പർ, പേര് : 29/25, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

അടങ്കൽ : 5,00,000/-(മെയിന്റനൻസ് ഫണ്ട് - നോൺ റോഡ്)

ചെലവ് : 5,00,000/- (ബിൽ നം - 1/2024-25/LSGD തീയതി-12.12.2024)

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിൽ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്(HOMCO) എന്ന സ്ഥാപനത്തിന് 20.12.2024ന് 500000 രൂപ മുൻകൂറായി അനുവദിച്ചിട്ടുണ്ട്. എന്നാൽ 02.03.2025തീയതിയിലെ LF-2750/24-25 നമ്പർ ഇൻവോയ്സ് പ്രകാരം 201756 രൂപയുടെയും 23.03.2025 തീയതിയിലെ LF-3062/24-25 നമ്പർ ഇൻവോയ്സ് പ്രകാരം 163449 രൂപയുടെയും (ആകെ-365205രൂപ) മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 134795 രൂപയുടെ മരുന്നുകൾ

ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (5/05.08.2025) നൽകിയതിന് ലഭ്യമായ മറുപടിയിൽ ബാക്കി മരുന്നുകൾ ലഭിക്കുന്നതിനായി നിരന്തരം കത്തിടപാടുകൾ നടത്തുകയും ടെലഫോൺ മുഖേനയും നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## <u>1-22 വാട്ടർടാങ്ക് വിതരണം - രേഖകൾ ലഭ്യമായില്ല</u>

| | |
|---|---|
| പ്രൊജക്ട് | 4/25, വാട്ടർ ടാങ്ക് വിതരണം എസ് സി |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 933250 (700000- വികസനഫണ്ട് - എസ് സി പി, 233250- ഗുണഭോക്തൃവിഹിതം) |
| ചെലവ് | 450000- വികസനഫണ്ട് - എസ് സി പി |
| ബിൽ നം/ തീയതി | 31/24-25/26.03.25 |

വാട്ടർടാങ്ക് വാങ്ങുന്നതിനായി ജെം മുഖേന Plastbee Polymers, കൊയ്യാമരക്കാട്, കഞ്ചിക്കോട് എന്ന് സ്ഥാപനത്തെ തിരഞ്ഞെടുക്കുകയും പ്രൊജക്ടിലുൾപ്പെടുത്തി വാട്ടർടാങ്കിനായി 450000 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. 1500 രൂപ പദ്ധതിവിഹിതവും 500 രൂപ ഗുണഭോക്തൃവിഹിതവുമുൾപ്പെടെ 2000

രൂപയാണ് ഒരു വാട്ടർടാങ്കിന്റെ വില. 23.12.24തീയതിയിലെ 02/19 നം. ഭരണസമിതി തീരുമാനപ്രകാരം പ്രൊജക്ടിനായി 568 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്.

ലഭ്യമാക്കിയ ചെലവുരേഖകൾ പ്രകാരം PBPO/24-25/R0504/22.03.25, PBPO/24-25/R0505/22.03.25, PBPO/24-25/R0506/22.03.25, PBPO/24-25/R0507/22.03.25, PBPO/24-25/R0508/22.03.25 എന്നീ ഇൻവോയ്സുകളിലായി 500 Litre-ന്റെ (Black Tank 3 Layer) 300 ടാങ്കുകളാണ് ലഭ്യമായിട്ടുള്ളത്.

ചെലവുരേഖകൾ പരിശോധിച്ചതിൽ പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെചേർക്കുന്ന അപാകങ്ങൾ കണ്ടെത്തി.

1. കൈമാറിയ 450000 രൂപയ്ക്ക് ആനുപാതികമായി 150000 രൂപ ഗുണഭോക്തൃവിഹിതമായി ഈടാക്കേണ്ടതും തുക സ്ഥാപനത്തിന് കൈമാറേണ്ടതുമായിരുന്നു. എന്നാൽ സുലേഖാ സ്റ്റേറ്റ്മന്റ് പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവ് നടത്തിയിട്ടില്ല.

2. വാർഷിക കണക്ക് -Beneficiary Contribution- ലെഡ്ജർ (Narration കൃത്യമായി രേഖപ്പെടുത്തലുള്ളത്) പരിശോധിച്ചതിൽ 116 പേർ 500രൂ പ്രകാരം ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ വിശദാംശം മാത്രമാണ് ലഭ്യമായത്.

3. വിതരണ രജിസ്റ്ററിൽ 388 പേരുടെ വിവരങ്ങൾ ചേർത്തിട്ടുണ്ടെങ്കിലും എത്ര പേർ ടാങ്ക് കൈപ്പറ്റി എന്നത് സംബന്ധിച്ച വ്യക്തമായ രേഖകളില്ല.
ലഭ്യമായ 300 ടാങ്കുകളിൽ വിതരണം നടത്തിയത് എത്രയെണ്ണം, ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ രശീതികൾ, തുക സ്ഥാപനത്തിന് കൈമാറിയതിന്റെ രേഖകൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (19/08.08.25) താഴെ ചേർക്കുന്ന മറുപടിയാണ് ലഭ്യമാക്കിയത്.
ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതും രേഖകൾ ഹാജരാക്കി ഗുണഭോക്തൃ വിഹിതം അടവാക്കിയതുമായ 300 പേർക്ക് ടാങ്ക് നൽകുകയാണ് ചെയ്തത്. വിതരണ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. കെ സ്മാർട്ടിലേക്ക് മാറുന്നതുവരെ ഗുണഭോക്താക്കൾ നേരിട്ട് പഞ്ചായത്തിൽ തുക അടവാക്കുകയും കെ സ്മാർട്ട് ആയതിനു ശേഷം ഗുണഭോക്താക്കളിൽ നിന്നും തുക ശേഖരിച്ച് ഒന്നിച്ച് അടവാക്കുകയും ചെയ്തിട്ടുണ്ട്.
ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെയും സ്ഥാപനത്തിലേക്ക് അടവാക്കിയ തിന്റെയും രേഖകളും അർഹതപ്പെട്ടവർക്ക് ടാങ്ക് വിതരണം ചെയ്തതിന്റെ രേഖകളും ഹാജരാക്കുന്നതുവരെ ചെലവു തുക 450000 രൂ തടസ്സത്തിൽ വെക്കുന്നു.

## 1-23 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് -മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | 162/25 (So), പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയൽ സ്കോളർഷിപ്പ് |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 200000 (വികസനഫണ്ട്- എസ് സി പി) |

| | |
|---|---|
| ചെലവ് | 200000 |
| ബിൽ നം/ തീയതി | 1/28.05.24 |

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 115/2022/ത സ്വ ഭ വ തീയതി 28.05.22-ലെ ഖണ്ഡിക 7.2.4 പ്രകാരം സംസ്ഥാന സർക്കാരോ, കേന്ദ്രസർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയ ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തി വരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ്കാലാവധി വരെയുള്ള എല്ലാ അക്കാദമിക്ക് വർഷത്തിലും ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം സ്കോളർഷിപ്പ് നൽകാവുന്നതാണ്.

24-25-ൽ സ്പിൽ ഓവറായി നടപ്പിലാക്കിയിരിക്കുന്ന പ്രൊജക്ട് പ്രകാരം ആകെ 18 വിദ്യാർത്ഥികൾക്കാണ് തുക അനുവദിച്ചിരിക്കുന്നത്.

16 പേർ ബിരുദത്തിനും 2 പേർ ബിരുദാനന്തര ബിരുദത്തിനുമാണ് 2023-24-ൽ പഠിച്ചിരുന്നത്. മാർഗ്ഗരേഖ പ്രകാരം ബിരുദ കോഴ്സിന് 20000രൂപയും ബിരുദാനന്തര ബിരുദത്തിന് 30000രൂപയും അനുവദിക്കാവുന്നതാണ്.

ചെലവു രേഖകൾ പരിശോധിച്ചതിൽ നിന്നും പ്രൊജക്ടിന്റെ നടത്തിപ്പിൽ താഴെചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1. രണ്ടുപേർക്ക് (രേഖ-ബിരുദത്തിനും ദിൻഷ.എസ്-ബിരുദാനന്തര ബിരുദത്തിനും പഠിക്കുന്നു) 15000രൂപ വീതവും മറ്റുള്ളവർക്ക് 10625രൂപ വീതവുമാണ് സ്കോളർഷിപ്പായി നൽകിയിരിക്കുന്നത്. സ്കോളർഷിപ്പായി

അനുവദിക്കാവുന്ന മുഴുവൻ തുകയും നൽകിയിട്ടില്ല. മാത്രമല്ല രണ്ടുപേർക്കു മാത്രം 15000രൂ അനുവദിച്ചതിന് കാരണം വ്യക്തമല്ല.

2.സ്കോളർഷിപ്പ് ലഭ്യമായ സിബിൻ, ലാവണ്യ, കാർത്തിക് ഗോപാൽ എന്നിവർ 2023-24-ൽ അവസാനവർഷ ബിരുദ വിദ്യാർത്ഥികളായിരുന്നു. 23-24-ൽ അർഹതപ്പെട്ട തുക നൽകിയിരിക്കുന്നത് 24-25-ലാണ്.

3.അപേക്ഷകൾ പരിശോധിച്ചതിൽ ഐശ്വര്യ കെ, D/Oകൃഷ്ണൻകുട്ടി, മേലാർകോട് എന്ന വിദ്യാർത്ഥിയുടെ റേഷൻകാർഡ്, വരുമാന സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം ഇവർ മേലാർകോട് ഗ്രാമപഞ്ചായത്തിലെ താമസക്കാരിയാണ്. എന്നാൽ എരിമയൂർ പഞ്ചായത്തിൽ നിന്നും പദ്ധതി പ്രകാരം 10625രൂ ധനസഹായം അനുവദിച്ചിരിക്കുന്നു. ഇപ്രകാരം തുക അനുവദിച്ചതിന് കാരണം വ്യക്തമല്ല.

4.സംസ്ഥാന സർക്കാരോ കേന്ദ്രസർക്കാരോ സർക്കാരുകൾ ചുമതലപ്പെടുത്തിയ ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തി വരുന്ന വിദ്യാർത്ഥികൾക്കാണ് തുക അനുവദിക്കാവുന്നത്. എന്നാൽ സർക്കാർ അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന താഴെചേർക്കുന്ന വിദ്യാർത്ഥികൾക്കും പ്രൊജക്ട് പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| പേര് | പഠിക്കുന്ന സ്ഥാപനം | അനുവദിച്ച തുക |
|---|---|---|
| സാന്ദ്ര എസ്, മണിയിൽ പറമ്പ് | ബി എസ് എസ് വനിത | 10625 |

| | | |
|---|---|---|
| | കോളേജ്, ആലത്തൂർ | |
| സിബിൻമണി, മണിയിൽപറമ്പ് | ആലത്തൂർ കോപ്പറേറ്റീവ് കോളേജ്, ആലത്തൂർ | 10625 |
| ഐശ്വര്യ കെ, വടക്കേത്തറ | ബി എസ് എസ് വനിത കോളേജ്, ആലത്തൂർ | 10625 |

വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരം പ്രവർത്തിക്കുന്നതാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

5. ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതും വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. ഇപ്രകാരം നടപടികൾ കൈക്കൊണ്ടിട്ടില്ല.

അപാകതകൾ പരാമർശിച്ചും രേഖകൾ ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 24/08.08.25 നൽകിയതിന് ലഭ്യമാക്കിയ മറുപടി താഴെചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരമുള്ള തുക അനുവദിക്കുമ്പോൾ ഗുണഭോക്തൃലിസ്റ്റിലെ കുറച്ച് പേർക്ക് മാത്രമേ ധനസഹായം നൽകുവാൻ കഴിയുകയുള്ളൂ എന്നതിനാലാണ് തുക വീതിച്ച് നൽകിയത്.

2. 23-24 മാർച്ച് മാസത്തിൽ ട്രഷറിയിൽ സമർപ്പിച്ച ബിൽ പാസ്സാവാത്തതിനാൽ

പ്രൊജക്ട് സ്പിൽ ഓവറാക്കി 24-25-ൽ തുക അനുവദിക്കുകയാണ് ചെയ്തത്.

3. വിദ്യാർത്ഥിയുടെ രേഖകളിൽ മേലാർകോട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും താമസിക്കുന്ന വടക്കേത്തറ എന്ന സ്ഥലം പഞ്ചായത്തിലെ 12-ാം വാർഡിൽ ഉൾപ്പെട്ട സ്ഥലമാണ് എന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് നൽകിയത്.

4. വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റിയിൽ രജിസ്ട്രേഷൻ നടത്തിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ്.

5. വിദ്യാർത്ഥികളുടെ കോഴ്സ്, സ്കോളർഷിപ്പ് തുക തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിരീക്ഷണം</u>

അർഹതപ്പെട്ട സ്കോളർഷിപ്പ് തുക വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന തരത്തിൽ പ്രൊജക്ടിന്റെ അടങ്കൽ നിശ്ചയിക്കേണ്ടതും സമയബന്ധിതമായും മാർഗ്ഗരേഖയിലെ നിർദേശം പാലിച്ചും പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടതാണ്. ക്രമ നം.3-ൽ റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെയും ക്രമ നം.4-ൽ പരാമർശിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരം പ്രവർത്തിക്കുന്നതാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കുന്നതുവരെയും ചെലവു തുക 42500രൂ (10625x4) തടസ്സത്തിൽവെയ്ക്കുന്നു. തുടർനടപടിയുടെ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## <u>1-24 കൈമാറിയ മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായിട്ടില്ല</u>

| | |
|---|---|
| പ്രൊജക്ട് | 85/25, സാന്ത്വന പരിചരണം |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി എരിമയൂർ |
| അടങ്കൽ | 715000(വികസനഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | 697022 |
| ബിൽ നം/ തീയതി | 20/24-25/24.12.25 |

സാന്ത്വന പരിചരണം നഴ്സിന്റെ ഹോണറേറിയം, ഗൃഹസന്ദർശനത്തിനായുള്ള വാഹനത്തിന്റെ വാടക നൽകൽ, മരുന്നു വാങ്ങൽ എന്നിവയ്ക്കായാണ് പ്രൊജക്ട് പ്രകാരം ആകെ 697022രൂ ചെലവഴിച്ചിരിക്കുന്നത്. പ്രൊജക്ടിലുൾപ്പെടുത്തി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ (KMSCL) നിന്നും മരുന്നു വാങ്ങുന്നതിനായി പ്രൊഫോമ ഇൻവോയ്സ് പ്രകാരം 39776രൂ കൈമാറിയിട്ടുണ്ടെങ്കിലും മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശം ചേർക്കുന്നു.

| കൈമാറിയ തുക, ബിൽ നം/ തീയതി, പ്രൊഫോർമ ഇൻവോയ്സ് | മരുന്ന് ലഭിച്ചത് | | ശേഷിക്കുന്ന തുക |
|---|---|---|---|
| | ഇൻവോയ്സ് നം | തുക | |
| 39776, 20/24-25/24.12.25, | 1867/12.02.25-11200 | 30871 | 8905 |

| | | | |
|---|---|---|---|
| PRF-1271/23.09.24 | 394/08.05.25-5732<br>1031/18.06.25-13939 | | |

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 10/07.08.25 നൽകിയതിന് കത്ത് മുഖേനയും ഫോൺ മുഖേനയും മരുന്ന് ലഭ്യമാക്കുന്നതിനായി സ്ഥാപനവുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും നിലവിൽ മരുന്ന് ലഭ്യമല്ലെന്നും മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് എത്തിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-25 ഓഡിറ്റ് ഇംപാക്ട്-അധികം നൽകിയ 8522 രൂപ ഓഡിറ്റ് എൻകചയറിയെ തുടർന്ന് തിരികെ ഒടുക്കി-

| | |
|---|---|
| പ്രൊജക്ട് | 15/25, അങ്കണവാടി പോഷകാഹാരം |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| അടങ്കൽ | 4410954 (പദ്ധതിവിഹിതം + കേന്ദ്രാവിഷ്കൃതം) |
| ചെലവ് | 3445502 |

സിവിൽ സപ്ലൈസിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ അങ്കണവാടികളിൽ എത്തിക്കുന്നതിനായി ധനേഷ് കുമാർ, എരിമയൂർ എന്ന വ്യക്തിയുടെ കചട്ടേഷൻ

അംഗീകരിക്കുകയും കിലോഗ്രാമിന് 3.50രൂ നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ് നിശ്ചയിക്കുകയും ചെയ്തു. കേരള സിവിൽ സർവീസ് കോർപ്പറേഷനിൽ നിന്നും 23399/09.02.24, 23248/17.04.24 എന്നീ ഇൻവോയ്സുകൾ പ്രകാരം സാധനങ്ങൾ ഇറക്കിയതിന് വൗച്ചർ നം.22401213/24.03.25- ലും 42401242/11.09.24-ലും ഉൾപ്പെടുത്തി രണ്ടു തവണ തുക അനുവദിച്ചതും ഇൻവോയ്സ് നം.2486/23.07.24 പ്രകാരം അധിക തുക നൽകിയതും ഓഡിറ്റ് എൻകൃയറിയെ -9/07.08.25 -തുടർന്ന് താഴെ പറയും പ്രകാരം 21.8.25 ന് ക്രമീകരിച്ചു

ബിൽ – 25000278/21.8.25- (കേന്ദ്രാവിഷ്കൃതം)

തുക – 8522 രൂപ

## **1-26 തൊഴിലുറപ്പു തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ -അപാകതകൾ**

| | |
|---|---|
| പ്രൊജക്ട് | 146/25(So), തൊഴിലുറപ്പു തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ നൽകൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹150000 (തനത്ഫണ്ട്) |
| ചെലവ് | ₹74825 |

| | |
|---|---|
| സാങ്ഷൻ ഓർഡർ നം/ തീയതി | 667/28.03.2025 |

തൊഴിലുറപ്പ് തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ നൽകുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത സാലി അസോസിയേറ്റ്സ്, വടക്കഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നും താഴെചേർക്കുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. (ഭരണസമിതി തീരുമാനം.03/11/05.02.25)

ഇൻവോയ്സ് നം. 27/ 26.03.25

| ഇനം | എണ്ണം | നിരക്ക് |
|---|---|---|
| ഗ്ലൗസ് | 250 | 69 |
| മാസ്ക് N95 | 250 | 15.30 |
| ഗം ബൂട്ട്സ് | 215 | 250 |

സ.ഉ (ആർ.ടി)492/2024/Lsgd/1.3.24 പ്രകാരം പരമാവധി 40 ജോഡി ഗംബൂട്ടും 80 ജോഡി കയ്യുറകളുമാണ് വാങ്ങി നൽകാവുന്നത്. ഇതിനായി ചെലവഴിക്കാവുന്ന പരമാവധി തുക 75000 രൂപയാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ അനുവദനീയമായതിലും കൂടുതൽ എണ്ണം മേൽപട്ടികയിൽ പറഞ്ഞ പ്രകാരം വാങ്ങിയിട്ടുണ്ട്.

ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/07.08.25) സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കി. എന്നാൽ രജിസ്റ്ററിൽ

"ലഭിച്ചത്" എന്നുള്ള കോളത്തിലും "വിതരണം ചെയ്തത്" എന്ന കോളത്തിലും എണ്ണം രേഖപ്പെടുത്തിയിട്ടുണ്ടെന്നല്ലാതെ ആർക്ക്, എത്ര എണ്ണം വീതം കൊടുത്തു, ഏതു രീതിയിലാണ് ഇവയുടെ വിതരണം, തൊഴിലുറപ്പ് പ്രവൃത്തി ചെയ്യുന്ന ഓരോരുത്തർക്കും എല്ലാ ഇനങ്ങളും വിതരണം ചെയ്യുകയായിരുന്നോ തുടങ്ങിയ വിവരങ്ങളൊന്നും വ്യക്തമാക്കിയില്ല.
സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായതിലും കൂടുതൽ ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്. വിതരണരേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 74825 രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 സെപ്റ്റിക് ടാങ്കോടുകൂടിയ കക്കൂസ് നിർമ്മാണം - ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കിയില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ - I |
| പ്രോജക്റ്റ് നം./ പേര് | 243/25 (SO), സെപ്റ്റിക് ടാങ്കോടുകൂടിയ കക്കൂസ് നിർമ്മാണം |
| അടങ്കൽ | ആകെ - 276000<br>92000-ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

| | |
|---|---|
| | 24000 – കേന്ദ്രാവിഷ്കൃതം<br>160000 – തനത് ഫണ്ട് |
| ചെലവ് | ആകെ - 240000<br>92000-ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>24000 – കേന്ദ്രാവിഷ്കൃതം<br>124000 – തനത് ഫണ്ട് |

തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പിന്റെ സ.ഉ (സാധാ) നം.1401/2023/LSGD തീയതി 10-07-2023 നമ്പർ ഉത്തരവ് പ്രകാരം 30000 രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ള മേൽ, പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിന് 20-09-2023 – ലെ 02/17 നമ്പർ പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം 37 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. 2023-24, 2024-25 വർഷങ്ങളിലായി നാളിതുവരെ 20 പേർ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. ആയതിൽ 19 പേരും നിർമ്മാണം പൂർത്തീകരിച്ച് 2 ഗഡുക്കളും (12000+18000) കൈപ്പറ്റിയിട്ടുണ്ട്. ശ്രീമതി.സുഭദ്ര, W/O വെള്ളക്കുട്ടി, കളത്തൊടി എന്ന ഗുണഭോക്താവ് ആദ്യ ഗഡു മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത് എന്നു കാണുന്നു. 26-02-2024 തീയതിയിൽ ആണ് ആദ്യ ഗഡു 12000 രൂപ കൈപ്പറ്റിയിട്ടുള്ളത്. പ്രസ്തുത ഗുണഭോക്താവിന്റെ നിർമ്മാണം

പൂർത്തിയായിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.18/08-08-2025) മറുപടിയിൽ ഗുണഭോക്താവ് കെട്ടിട നിർമ്മാണം മാത്രം പൂർത്തീകരിച്ച് 12000രൂപ കൈപ്പറ്റിയിട്ടുണ്ട്, സെപ്റ്റിക് ടാങ്ക് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാലാണ് തുക നൽകാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് ബാക്കി തുക അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 ഹരിതകർമ്മസേന വാഹനം റിപ്പയർ -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ സ.ഉ(എം.എസ്)170/2007/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പ് സർക്കുലർ നം.41/2008/ധന തിയതി 2-8-2008 പ്രകാരവും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ വാഹനം അറ്റകുറ്റപണി നടത്തിയതിന് PBM Automotive LLP, കൽമണ്ഡപം, പാലക്കാട് എന്ന സ്ഥാപനത്തിന് 110810രൂപ ഓഡിറ്റ് വർഷത്തിൽ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വൗച്ചർ നം./തീയതി - 22400827/20-12-2024

സ്ഥാപനത്തിന്റെ ഇൻവോയിസ് നം./തീയതി/തുക - RBC25A001803/30-11-24/110810

26-11-2024 തീയതിയിലെ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം നം.2/4 പ്രകാരം വാഹനം ഹരിതകർമ്മസേനയ്ക്ക് ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യം ഉള്ളത് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലും ഹരിതകർമ്മസേന വാഹനം അറ്റകുറ്റപണി (പ്രൊജക്ട് നം.396/25) എന്ന പദ്ധതിയുടെ വെറ്റിംഗ് നടപടി പൂർത്തിയായിട്ടില്ലാത്തതിനാലും പദ്ധതിയേതര ചെലവായി തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും തുടർന്ന് റീകൂപ്പ് ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഫയൽ പരിശോധനയിൽ മേൽ ഉത്തരവുകളിൽ പരാമർശിച്ച പ്രകാരം മത്സരാധിഷ്ഠിത ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. മാത്രമല്ല സാങ്കേതിക ക്ഷമതയുള്ള അധികാരികൾ/ഉദ്യോഗസ്ഥരെക്കൊണ്ട് പരിശോധിച്ചതായും കാണുന്നില്ല. നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/08-08-2025) മറുപടി ലഭ്യമാക്കിയില്ല. വാഹനത്തിന്റെ വാറണ്ടി കാലാവധിയുടെ വിവരവും ഓഡിറ്റ് അന്വേഷണം വഴി ആവശ്യപ്പെട്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. ഓഡിറ്റ് അന്വേഷണം പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2.വകുപ്പിലെ സൗകര്യങ്ങൾ സർവ്വീസിംഗിന്/റിപ്പയറിംഗിന് പര്യാപ്തമല്ലെങ്കിൽ മത്സരാധിഷ്ഠിത ക്വട്ടേഷന്റേയും പ്രവർത്തന മികവിന്റേയും അടിസ്ഥാനത്തിൽ അംഗീകൃത സർവ്വീസ് സ്റ്റേഷനുകളിൽ സർവ്വീസ് നടത്തേണ്ടതാണ്.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-29 സിസിടിവി സ്ഥാപിക്കൽ- കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനം നടപ്പാക്കിയിട്ടില്ല

പ്രോജക്ട് നം- 138/25
(മാലിന്യമുക്ത പഞ്ചായത്ത് (സിസിടിവി) സ്ഥാപിക്കൽ )
നിർവഹണം – സെക്രട്ടറി

അടങ്കൽ - ₹1200000 ( ₹ 700000-ജില്ലാപഞ്ചായത്തിന്റെ CFC വിഹിതം, ₹ 500000-ഗ്രാമപഞ്ചായത്ത് സിഎഫ്സി ഗ്രാന്റ് )

ചെലവ് - ₹11,79,869 ( ₹ 479869-വൗച്ചർ നം 22401319/31.03.25; ₹ 700000 ജില്ലാപഞ്ചായത്ത് CFC ഗ്രാന്റ് , Sanction Order No 630/24.03.25 )

ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫ് കേന്ദ്രം, ക്രിമറ്റോറിയം പരിസരം, തോട്ടുപാലം ദേശീയപാതക്ക് ഇരുവശം, ഗ്രാമപഞ്ചായത്ത് കാര്യാലയം പരിസരം എന്നിവിടങ്ങളിൽ കെൽട്രോൺ മുഖേന സിസിടിവി സ്ഥാപിക്കുകയും ഗ്രാമപഞ്ചായത്ത് ഓഫീസിൽ കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനം ഒരുക്കുകയും ചെയ്ത് ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തപഞ്ചായത്ത് ആക്കി മാറ്റുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്.

കെൽട്രോൺ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. കെൽട്രോണുമായി 15.2.25 ന്റെ ഇ സ്റ്റാമ്പ് പേപ്പറിൽ നമ്പരും തിയതിയും രേഖപ്പെടുത്താതെ കരാർ വെച്ചിട്ടുണ്ട്. കരാർ വ്യവസ്ഥ 6 പ്രകാരം മുൻകൂർ തുക നൽകി 60 ദിവസത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. കൂടാതെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകണമെന്നും വ്യവസ്ഥയുണ്ട്. എഗ്രിമെന്റിനു

ശേഷം 40% തുകയും പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം 60 % തുകയും നൽകുന്നതിനാണ് എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കെൽട്രോണിന്റെ 17.2.25 ലെ ഇൻവോയ്സ് പ്രകാരം ആകെ തുക 11,99,674 രൂപയാണ്. നിലവിൽ 11,79,869 രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ സർവിലൻസ് സംവിധാനം പ്രവർത്തനക്ഷമമായതായി കാണുന്നില്ല.

സിസിടിവിക്ക് തുക നൽകിയതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| സിസിടിവിയുടെ തരം/ സ്പെസിഫിക്കേഷൻ, ക്യാമറയുടെ എണ്ണം | സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ച സ്ഥലം | നൽകിയ തുക (ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|
| Outdoor Surveillance Camera System With 5 MP Full HD WDR IR Network Out Door Bullet Camera 30 Mtr.1/2.7"<br>5 MP CMOS Image Sensor-3എണ്ണം, 50 MtrIR Range .1/2.7" 5megapixelPS CMOS Image Sensor-3എണ്ണം മറ്റ് അനുബന്ധ സാമഗ്രികൾ | MCF സെന്റർ, പഞ്ചായത്ത് ക്രിമിറ്റോറിയം | ₹ 2,77,163 |

| | | |
|---|---|---|
| Outdoor Surveillance Camera System With 5 MP Full HD WDR IR Network Out Door Bullet Camera 30 Mtr.1/2.7"<br>5 MP CMOS Image Sensor-3എണ്ണം,മറ്റ് അനുബന്ധ സാമഗ്രികൾ | ഗ്രാമപഞ്ചായത്ത് ഓഫീസ് | ₹75,114 |
| Outdoor Surveillance Camera System With ANPR Camera 1/1.8"4 MP Starlight CMOS Sensor 1 Unit , Bullet Camera 80 Mtr .1/2.7"<br>5 MP PS CMOS Image Sensor<br>2 എണ്ണം , 30 .1/2.7"<br>5 MP PS CMOS Image Sensor 1 എണ്ണം മറ്റ് അനുബന്ധ സാമഗ്രികൾ | തോട്ടുപാലം ദേശീയ പാതക്ക് ഇരു വശം | ₹ 6,78,819 |
| Setting Up Of Centralised Monitoring Station | ഗ്രാമപഞ്ചായത്ത് ഓഫീസ് | ₹1,68,578 |

| | | |
|---|---|---|
| | | ₹11,99,674 |

ഓരോ ഇനത്തിനും 3 വർഷത്തെ Onsite Warranty Support, One Time KSEB Connection Charge, 3 വർഷത്തെ നെറ്റ് വർക്ക് കണക്ഷൻ ചാർജ്ജ് എന്നിവയും മേൽ തുകയിൽ ഉൾപ്പെടുന്നുണ്ട്.

സിസിടിവി സ്ഥാപിക്കൽ പ്രവൃത്തി എല്ലായിടങ്ങളിലും പൂർത്തിയായിട്ടുണ്ടോ ക്യാമറ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ അറിയിക്കുന്നതിനും സിസിടിവി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് ചുമതല നൽകിയതിന്റെയും വിവരങ്ങൾ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം 21/08.08.2025 ന് സെക്രട്ടറി മറുപടി രേഖാമൂലം ലഭ്യമാക്കിയിട്ടില്ല.

## ഓഡിറ്റ് നിർദ്ദേശം

1. എഗ്രിമെന്റ് അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി കഴിഞ്ഞതിനാൽ കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും എഗ്രിമെന്റ് ൽ വ്യവസ്ഥ ചെയ്യതു പ്രകാരമുള്ള പരിശീലനം ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ക്യാമറ വീഡിയോ വിവരങ്ങൾ എല്ലാ ദിവസങ്ങളിലും കൃത്യമായി നിരീക്ഷിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ഉദ്യോഗസ്ഥർക്ക് വ്യക്തമായ ഓഫീസ് ഓർഡർ നൽകേണ്ടതാണ്.

3. ഓരോ ഇനത്തിനും 3 വർഷത്തെ Onsite Warranty Support, One Time KSEB Connection Charge, 3 വർഷത്തെ നെറ്റ് വർക്ക് കണക്ഷൻ ചാർജ്ജ് എന്നിവക്ക് തുക

നൽകിയിട്ടുള്ളതിനാൽ ഈ സേവനം ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതും വാറണ്ടി കാലയളവിൽ ഇതിൽ ആവർത്തനച്ചെലവ് ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ് .

4. പൊതു സ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യം തള്ളുന്നത് കണ്ടെത്തിയാൽ ഉത്തരവാദികൾക്കെതിരെ പിഴ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പിഴ സംബന്ധിച്ച നിരക്ക് മാനദണ്ഡങ്ങൾ, ഈ വിഷയത്തിലുള്ള കേസ്, തർക്കങ്ങൾ എന്നിവയ്ക്ക് സ്വീകരിക്കേണ്ട നടപടികൾ എന്നിവ നിശ്ചയിച്ച് ഭരണസമിതി തലത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതും ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.
തുടർനടപടികളുടെ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 തെരുവുവിളക്ക് പരിപാലനം പ്രവൃത്തി നടപ്പാക്കിയതിലെ അപാകങ്ങൾ

പ്രോജക്റ്റ് നം 252/25

തെരുവുവിളക്ക് പരിപാലനം (സ്പിൽ ഓവർ)

അടങ്കൽ -₹ **700000** (തനത് ഫണ്ട്)

ചെലവ് - ₹**692675**

തെരുവുവിളക്കുകൾ സ്ഥാപിച്ചതിന്/ അറ്റകുറ്റപ്പണികൾ നടത്തിയതിന് ശ്രീ. വെങ്കിട്ടരമണൻ, PWD ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് താഴെ പറയും പ്രകാരം

തുക നൽകിയിട്ടുണ്ട്.

1. ₹ **435629-** വൗച്ചർ നം 22400521/20.09.24

**2. ₹ 257046 -** വൗച്ചർ നം 22400831/20.12.2024 -

ഗ്രാമപഞ്ചായത്തിന്റെ ദർഘാസ് പരസ്യം നം എ1-103/2023 തിയ്യതി 10.01.2024 പ്രകാരം നടത്തിയ ടെണ്ടറിന്റെ (പ്രോജക്ട് നം 49/24) അടിസ്ഥാനത്തിലാണ് കരാറുകാരനെ തെരഞ്ഞെടുത്തിട്ടുള്ളത്.

ടെണ്ടർ വ്യവസ്ഥകൾ പ്രകാരം

- കെ.എസ്.ഇ.ബിയുടെ മേൽനോട്ടത്തിലും മുൻകൂർ അനുമതിയോടെയും മാത്രം റിപ്പയർ നടത്തേണ്ടതാണ്.

- കരാർ തിയ്യതി മുതൽ ഒരു വർഷക്കാലം പഞ്ചായത്തിന്റെ നിർദ്ദേശാനുസരണം പരാതി രജിസ്റ്റർ പ്രകാരമുള്ള പരാതികൾ ഒരാഴ്ചയ്ക്കകം പരിഹരിക്കണം

- കെ.എസ്.ഇ.ബി യിൽ നിന്നുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെയും വർക്ക് ബില്ലിന്റെയും വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെയും വാങ്ങിയ സാധനങ്ങളുടെ ബില്ലിന്റെയും അടിസ്ഥാനത്തിലാണ് തുക നൽകേണ്ടത് .

- പ്രൊക്യുർമെന്റ് മാനവൽ പ്രകാരമുള്ള വ്യവസ്ഥകൾ ഈ ടെണ്ടറിന് ബാധകമാണ്

എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ളതാണ്.

പദ്ധതി നടത്തിപ്പിന്റെ രേഖകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1. തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായുള്ള പദ്ധതിയിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും നടത്തിയിട്ടുണ്ട്. ക്രമ നം 1 പ്രകാരമുള്ള ചെലവിൽ 946 എണ്ണം എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചതിനുള്ള സർവ്വീസ് ചാർജ്ജും അനുബന്ധസാമഗ്രികളുടെ വിലയും ഉൾപ്പെടുന്നുണ്ട്.

2. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെയും വാങ്ങിയ സാധനങ്ങളുടെ ബില്ലിന്റെയും മാത്രം അടിസ്ഥാനത്തിലാണ് അറ്റകുറ്റപ്പണികൾക്ക് തുക നൽകിയിട്ടുള്ളത്. തെരുവിളക്കുകൾ സ്ഥാപിക്കൽ പ്രവർത്തിയിൽ കെ.എസ്.ഇ.ബിയുടെ മുൻകൂർ അനുമതി വാങ്ങിയതിന്റെ രേഖകൾ ഇല്ല. കെ.എസ് ഇ ബി യുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് /അനുമതി ഉറപ്പാക്കിയിട്ടുള്ളതായും രേഖകളില്ല.

3. തെരുവുവിളക്കുകളുടെയും അനുബന്ധസാമഗ്രികളുടെയും വാങ്ങലുകളിൽ പ്രൊക്യൂർ മെന്റ് കമ്മിറ്റിയുടെ ഇടപെടലുകൾ ഇല്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ തെരുവുവിളക്ക് വാങ്ങലുകൾ ചർച്ച ചെയ്തിട്ടുള്ളതായോ അംഗീകാരം ലഭ്യമാക്കിയതായോ കാണുന്നില്ല.

4. 269 എൽ.ഇ.ഡി ബൾബുകളും വിവിധ മിനിമാസ്റ്റ് /ഹൈമാസ്റ്റ് ലൈറ്റുകളും റിപ്പയർ ചെയ്തതിനു തുക നൽകിയിട്ടുണ്ട്. ഗാരണ്ടി കാലയളവ് കഴിഞ്ഞ ബൾബുകൾ മാത്രമാണ് റിപ്പയർ ചെയ്യുന്നത് എന്നത് ഉറപ്പു വരുത്തിയിട്ടില്ല. അൺസർവ്വീസബിൾ ഐറ്റംസ് സ്റ്റോക്കിലെടുത്തതിനും രേഖകളില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 20/08.08.25) കെ.എസ് .ഇ ബിയുടെ മേൽനോട്ടത്തിൽ മാത്രമാണ് പ്രവൃത്തികൾ നടത്തുന്നത് എന്ന്

സെക്രട്ടറി അറിയിച്ചു. എന്നാൽ മതിയായ രേഖകൾ ഹാജരാക്കിയിട്ടില്ല. മറ്റ് അപാകങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

സ.ഉ(കൈ) നം 115/22 ത.സ്വ.ഭ.വ തിയ്യതി 28.05.22 പ്രകാരം പുറപ്പെടുവിച്ച 14 ആം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 2.20 പ്രകാരം വാങ്ങലുകൾക്ക് പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ(പി) നം 259/2010 ത.സ്വ.ഭ.വ തീ. 08.11.2020 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിക്കാതെയും കൃത്യമായ മുന്നൊരുക്കങ്ങളില്ലാതെയുമാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാണ്.

മേൽ രേഖപ്പെടുത്തിയിട്ടുള്ള അപാകങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം നൽകേണ്ടതാണ്.

## 1-31 തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ പദ്ധതി- വിളക്കുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ഇല്ല

പ്രോജക്ട് നം 166/25 (S.O) (തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ)

അടങ്കൽ -500000 (തനത് ഫണ്ട്)

ചെലവ് - 372376

തെരുവുവിളക്ക് വാങ്ങി സ്ഥാപിക്കൽ പദ്ധതി പ്രകാരം താഴെ പറയും പ്രകാരം പുതിയ തെരുവുവിളക്കുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം / തിയ്യതി | നൽകിയ തുക | വാങ്ങിയ തെരുവു വിളക്കുകളുടെ വിശദാംശം | | | സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയ്സ് നം , തിയ്യതി |
|---|---|---|---|---|---|---|
| | | | എണ്ണം | ഇനം | യൂണിറ്റ് നിരക്ക് | |
| 1 | 22400207/ 11.06.24 | 123576 | 480 | ബജാജ് LED Bulb 18 W | 257.5 | 1326/ 21.02.24 |
| 2 | 22400208 /11.06.24 | 131300 | 510 | ബജാജ് LED Bulb 18 W | 257.5 | 1457/ 13.03.24 |
| 3 | 22400605 /09.10.24 | 117500 | 500 | Unbranded LED Bulb With Battert -Is 16102 Warranty For Free Replacement | 235 | Infi 2024-1-13/ 20.09.24 |

മേൽപ്രകാരം ഉള്ള 1490 തെരുവുവിളക്കുകൾ (LED Bulb) സ്ഥാപിച്ചതിന്റ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായുള്ള പദ്ധതിയിൽ 946 എൽ.ഇ.ഡി ബൾബുകൾ

സ്ഥാപിച്ചതിനുള്ള സർവ്വീസ് ചാർജ്ജ് നൽകിയിട്ടുള്ളതായി കാണുന്നുണ്ട്. എന്നാൽ ഇവ 166/25 പ്രോജക്റ്റ് പ്രകാരം വാങ്ങിയതാണോ എന്നതിന് വ്യക്തതയില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ ഈ വാങ്ങൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ആകെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയിട്ടുള്ള ഡിജിറ്റൽ/ മാനുവൽ ആയ രജിസ്റ്റർ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻകചയറി (നം 28/08.08.25) പ്രകാരം ആവശ്യപ്പെട്ടതിനെ തുടർന്ന് നിലാവ് പദ്ധതിയുടെ ഭാഗമായി 2022-23 വരെ രേഖപ്പെടുത്തലുകൾ വരുത്തിയ രജിസ്റ്റർ ലഭ്യമാക്കി. എന്നാൽ 2023-24 മുതൽ പുതിയ പോസ്റ്റുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ഇല്ല.

1490 തെരുവുവിളക്കുകൾ (LED Bulb) സ്ഥാപിച്ചതിന്റ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. തെരുവുവിളക്ക് രജിസ്റ്റർ ഓരോ വാർഡിലെയും പോസ്റ്റുകളുടെ എണ്ണം, തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തി കാലികമാക്കേണ്ടതും രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-32 വിനിയോഗവിവരം ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം 35/25

(ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ )

അടങ്കൽ -₹ 320000 (തനത് ഫണ്ട്)

ചെലവ് - ₹ 300000

ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പ്രവൃത്തിക്കായി കെ.എസ്.ഇ.ബിയുടെ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് താഴെ പറയും വിധം തുക നൽകിയിട്ടുണ്ട്.

| ക്രമ നം | വൗച്ചർനം / തിയ്യതി | തുക | തുക നൽകിയ ഏജൻസി | പ്രവൃത്തിയുടെ വിശദാംശം |
|---|---|---|---|---|
| 1 | 22400296/ 05.07.24 | 66724 | അസിസ്റ്റന്റ് എഞ്ചിനീയർ, ആലത്തൂർ ഇലക്ട്രിക്കൽ സെക്ഷൻ , KSEB | ഗ്രാമപഞ്ചായത്തിന്റെ വാർഡ് 5,6,7,9,11 എന്നിവിടങ്ങളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ തീരുമാനം നം 3(7)/05.02.2025 |
| 2 | 22400843/ 24.12.2024 | 103207 | അസിസ്റ്റന്റ് എഞ്ചിനീയർ, ആലത്തൂർ ഇലക്ട്രിക്കൽ സെക്ഷൻ , KSEB | ഗ്രാമപഞ്ചായത്തിന്റെ വാർഡ് 1,2,4,18 എന്നിവിടങ്ങളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ തീരുമാനം നം 2(2)/18.06.2024 |
| 3 | 22401089/ 28.02.2025 | 130069 | അസിസ്റ്റന്റ് എഞ്ചിനീയർ, | ഗ്രാമപഞ്ചായത്തിന്റെ വാർഡ് 1,3,14,15 |

| | | | | |
|---|---|---|---|---|
| | | | കുനിശ്ശേരി ഇലക്ട്രിക്കൽ സെക്ഷൻ , KSEB | എന്നിവിടങ്ങളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ തീരുമാനം നം 2(2) /23.12.24 |

അതത് ഇലക്ട്രിക്കൽ വിഭാഗങ്ങളുടെ എസ്റ്റിമേറ്റ് പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ KSEB യുമായി കരാർ വച്ചിട്ടുള്ളതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം 26/08.08.25 ന് ലഭ്യമാക്കിയ മറുപടിയിൽ

പ്രവൃത്തികൾ പൂർത്തിയാക്കിയാക്കിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചു. എന്നാൽ നൽകിയ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല.

തുക പൂർണ്ണമായും വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-33 ആയുർവ്വേദാശുപത്രിയുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ആയുർവ്വേദാശുപത്രി ആശുപത്രി വികസനസമിതിയുടെ 28.1.20 ലെ യോഗത്തിൽ സ്ഥാപനത്തിലെ അടുക്കളയിലും മരുന്ന് സൂക്ഷിക്കുന്ന സ്ഥലങ്ങളിലും ചോർച്ചയും ചുമരിലെ ഈർപ്പവും മൂലം മരുന്നുകൾ കേടാകുന്നത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മിനിട്ട്സ് ബുക്ക് പരിശോധിച്ചതിൽ എല്ലാ യോഗങ്ങളിലും

ആശുപത്രിക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതും സ്ഥലപരിമിതിയും സ്റ്റോർ റൂമിലെ ചോർച്ചയും മൂലമുള്ള അസൗകര്യങ്ങളും ചർച്ച ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്. 19.2.21 , 28.03.2025 എന്നീ യോഗങ്ങളിലും വിഷയം ചർച്ച ചെയ്തിട്ടുണ്ട്. നിലവിലും പ്രസ്തുത പ്രശ്നങ്ങൾ നിലനിൽക്കുന്നതായി മിനുട്സിൽ കാണുന്നു.

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കേണ്ടതാണെന്ന് കാണിച്ചു കൊണ്ട് ആയുർവ്വേദ മെഡിക്കൽ ഓഫീസർക്കും സെക്രട്ടറിക്കും ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ആയുർവ്വേദ മെഡിക്കൽ ഓഫീസർ താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം 07/05.08.25)

"ഗ്രാമപഞ്ചായത്ത് ഓഫീസിനു പിൻവശത്തെ കെട്ടിടത്തിലാണ് ആയുർവ്വേദ ആശുപത്രി പ്രവർത്തിച്ചു വരുന്നത്. സ്ഥാപനത്തിലെ അടുക്കളയിലും മരുന്നുകൾ സൂക്ഷിക്കുന്ന സ്ഥലത്തും ചുമരിൽ ഈർപ്പവും ചോർച്ചയും നിമിത്തം ബുദ്ധിമുട്ടുകള് ഉണ്ട് എന്നും ഇത് പരിഹരിക്കുന്നതിനായി 2025-26 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 3 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും പദ്ധതി നടപ്പാക്കുന്നതോടെ ചോർച്ചക്ക് പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു."

ഭാരതീയ ചികിത്സാ വകുപ്പിലെ എല്ലാ സ്ഥാപനങ്ങളും NABH നിലവാരത്തിലേക്ക് ഉയർത്തുന്ന നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നതിനാലും പ്രതിമാസം ആയിരത്തിലധികം രോഗികൾ എത്തുന്ന ഒരു ആശുപത്രിയായതിനാലും സ്വന്തമായി സ്ഥലവും കെട്ടിടവും അത്യാവശ്യമാണെന്നും മെഡിക്കൽ ഓഫീസർ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.



ചിത്രം 1.

ചിത്രം 2



## ഓഡിറ്റ് നിർദ്ദേശം

ആയുർവ്വേദാശുപത്രിയുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതിനുള്ള അടിയന്തരനടപടികൾ ഉണ്ടാകേണ്ടതാണ്. ചോർച്ചയിൽ നിന്നും മറ്റ് കേടുപാടുകളിൽ നിന്നും കെട്ടിടത്തെ സംരക്ഷിച്ച്

ജനങ്ങൾക്ക് കുറ്റമറ്റ സേവനം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. റോഡിതര മെയിൻ്റൻസ് ഗ്രാൻ്റ്, ഹെൽത്ത് ഗ്രാൻ്റ് എന്നിവ ഇതിനായി വിനിയോഗിക്കാവുന്നതാണ്. ഈ വിഷയത്തിൽ ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-34 മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കുന്നതിൽ കാലതാമസം</u>

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 14 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ചതിനു ശേഷം 14 ദിവസത്തിനകം കരാർ വെയ്ക്കേണ്ടതാണ്. കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. തുടർന്ന് 10 ദിവസംവരെ PAC യുടെ 1% ഫൈൻ ഒടുക്കി കരാർ വയ്ക്കാവുന്നതാണ്. താഴെ പറയുന്ന പ്രവൃത്തിയിൽ കരാർ വെയ്ക്കാൻ കാലതാമസം വരുത്തിയിട്ടും ഫൈൻ ഈടാക്കിയിട്ടില്ല

പ്രൊജക്ട് – ഹോപ് വെൽ DWSS ( 156/25)
കരാറുകാരൻ - കെ.വി രാമചന്ദ്രൻ

| അടങ്കൽ &, ചെലവ് | APAC | LOA തിയതി | എഗ്രിമെൻ്റ് നം.തിയതി | Price Id |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| ആകെ അടങ്കൽ 450,000 (Cfc) ;ചെലവ് - ബിൽ നം- 4/21.5.24- 38197 25/ 24.7.25- 122297 | 152260 | 17.4.23 | 4/11.5.2023 | 15290/2023 |

ഓഡിറ്റ് എൻകചയറി - 29/8.8.25 നുള്ള മറുപടിയായി കരാറുകാരനിൽ നിന്ന് ഫൈൻ ഈടാക്കുന്നതാണ് എന്നാണ് അറിയിച്ചത്. തുക (1523) ഈടാക്കി അറിയിക്കേണ്ടതാണ്.

## <u>1-35 ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട് അനുവദനീയമല്ലാത്ത പ്രവൃത്തികൾക്കായി ചെലവഴിച്ചു</u>

ധനകാര്യകമ്മീഷന്റെ മാർഗരേഖ (No. 15(2) FC-XV/ FCD/ 2020-25) പ്രകാരം ടൈഡ് ഫണ്ട് കുടിവെള്ളം, ശുചിത്വം എന്നീ മേഖലകളിലെ പ്രവൃത്തികൾക്കാണ് വിനിയോഗിക്കാവുന്നത്. കുടിവെള്ളം എന്ന ഇനത്തിൽ കുടിവെള്ള

വിതരണം,മഴകൊയ്ത്ത്, ജലശുദ്ധീകരണം എന്നീ ഇനങ്ങളിലെ പ്രവർത്തിയാണ് നിർവഹിക്കേണ്ടത്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി CFC Tied ഫണ്ട് വിനിയോഗിച്ച് മാടമ്പാറ ചെക്ക് ഡാം (22/22-23) അറ്റകുറ്റപണി എന്ന പ്രവൃത്തി നിർവഹിച്ചിട്ടുണ്ട്.

അടങ്കൽ - 1500000 (CFC Tied)

ചെലവ് - ബിൽ നം - 6/18.11.24 - 1494698/-

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം കർഷകർ ജലസേചനത്തിനായി ഉപയോഗിക്കുന്ന ചെക്ക് ഡാമിന്റെ റിപ്പയർ ചെയ്യുന്നതിനാണ് പദ്ധതി. ഇറിഗേഷനായുള്ള പ്രവൃത്തികൾക്ക് സി.എഫ്.സി ടൈഡ് ഫണ്ട് ചെലവഴിച്ചത് ക്രമപ്രകാരമല്ല. മാർഗനിർദേശങ്ങൾക്കനുസരിച്ചുള്ള പ്രവൃത്തികൾക്ക് മാത്രം ഗ്രാന്റുകൾ വിനിയോഗിക്കേണ്ടതും വകമാറ്റി ചെലവഴിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-36 മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

2024-25 വർഷത്തെ വാർഷിക പദ്ധതികണക്കുകൾ പരിശോധിച്ചതിൽ അസി.എഞ്ചിനീയറെ 203പ്രോജക്ടുകളുടെ നിർവ്വഹണചുമതല ഏൽപ്പിക്കപ്പെട്ടിരുന്നതായി കാണുന്നു.എന്നാൽ വിവിധങ്ങളായ ജനകീയ ആവശ്യങ്ങൾ പരിഗണിച്ച് ആവിഷ്ക്കരിക്കപ്പെട്ട് തയ്യാറാക്കപ്പെട്ടിട്ടുള്ള പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പടെ ആകെ 85പ്രോജക്ടുകൾക്ക് ആണ് തുക ചെലവഴിച്ചിരിക്കുന്നത്.85436302രൂപ പദ്ധതി അടങ്കലിൽ 24102308 മാത്രമാണ് ചെലവഴിച്ചത്.വകയിരുത്തിയ തുകയുടെ 28% തുക മാത്രമാണ്

ചെലവഴിച്ചിട്ടുള്ളത്.ഇത്രയധികം പ്രോജക്ടുകൾ നിർവ്വഹിക്കപ്പെടാത്തത് മൂലം തൻവർഷത്തെ സാമ്പത്തിക വിനിയോഗലക്ഷ്യം കൈവരിക്കപ്പെട്ടില്ല.മാത്രമല്ല പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണത്തിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന ഭൗതികനേട്ടം നിഷേധിക്കപ്പെടുകയും ചെയ്തു.

ചെറിയ തുക വകയിരുത്തി പ്രോജക്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് മൂലം ലഭ്യമായ മനുഷ്യ വിഭവ ശേഷി കാര്യക്ഷമമായി വിനിയോഗിക്കാൻ കഴിയാതെ പദ്ധതി തുക നഷ്ടപ്പെടുന്നു . പദ്ധതികളുടെ എണ്ണം കുറച്ച് കൂടുതൽ തുക വകയിരുത്തി വലിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലൂടെ കരാറുകളുടെ മത്സരക്ഷമത ഉറപ്പാക്കാവുന്നതും നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കഴിയുന്നതാണ്

**<u>ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല</u>**

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

**<u>ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല</u>**

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

1997 ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 17(3)ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ

സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതാണെന്നും, പ്രസ്തുത നോട്ടീസിൽ പണിയുടെ പേര്, എസ്റ്റിമേറ്റ് തുകയും കാലാവധിയും, പണി തുടങ്ങുന്ന തീയതി ചെയ്തുതീർക്കേണ്ട തീയതി, കരാറുകാരന് അനുവദിച്ച ടെൻഡർനിരക്ക് തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പ്രവൃത്തി നടന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ഡിസ് പ്ലേ ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും സ.ഉ (കൈ) 84/2022ത.സ്വ.ഭ.വ തിയ്യതി 19.04.2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ 14(7) ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ പരിശോധിച്ച മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ എസ്റ്റിമേറ്റിൽ ബോർഡിനുള്ള തുക ഉൾപ്പെടുത്തുന്നുണ്ടെങ്കിലും മിക്ക പ്രവൃത്തികളിലും ബോർഡ് സ്ഥാപിക്കുന്നില്ല. പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളിലേയും, പദ്ധതി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് മരാമത്ത് പ്രവർത്തികളുടെ നിർവഹണത്തിൽ സുതാര്യത ഉറപ്പ് വരുത്തേണ്ടതാണ്.

## 1-37 ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം

പതിനഞ്ചാം ധനകാര്യകമ്മീഷൻ, പ്രാഥമികാരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് **2021-22** വർഷം മുതൽ ആരോഗ്യമേഖലാഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ആരോഗ്യഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച

മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണവകുപ്പ് തയ്യാറാക്കിയ കർമ്മപദ്ധതി അനുസരിച്ചുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(നം.04/04.08.2025)** ലഭ്യമാക്കിയ മറുപടി പ്രകാരം **2024-25** വർഷം വരെ ഗ്രാന്റ് ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും വിവരങ്ങൾ താഴെ ചേർക്കുന്നു. സ്കീം 1, സ്കീം 3, സ്കീം 4 ഇനങ്ങളിലുള്ള പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്ത് നടത്തേണ്ടത്. ഗ്രാമപഞ്ചായത്തിൽ ഒരു കുടുംബാരോഗ്യകേന്ദ്രവും ഒരു ആയുർവ്വേദാശുപത്രിയും ഒരു ഹോമിയോ ഡിസ്പെൻസറിയുമാണ് നിലവിലുള്ളത്. കുടുംബാരോഗ്യകേന്ദ്രത്തിന് ആകെ 6 ഉപകേന്ദ്രങ്ങളാണുള്ളത്. ഇതിൽ കൂട്ടാല സബ്സെന്റർ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

2021-22 വർഷം മുതൽ 31.03.2025 വരെ ലഭ്യമായ ഗ്രാന്റിന്റെയും നടപ്പാക്കിയ പ്രവർത്തനങ്ങളുടെയും വിവരം

സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുബാരോഗ്യ ഉപകേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുവാനുള്ള ധനസഹായം

| വർഷം | മുൻബാക്കി | തൻവർഷം ലഭ്യമായ തുക | പലിശ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 2023-24 | 0 | 2775000 | 30500 | 2805500 | 0 | 2805500 |
| 2024-25 | 2805500 | 61520 | 33577 | 2900597 | 0 | 2900597 |

സ്കീം 3 -ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - ലഭ്യമായ ഫണ്ട്.

| **വർഷം** | **മുൻബാക്കി** | **തൻവർഷം ലഭ്യമായ തുക** | **പലിശ** | **ആകെ** | **ചെലവ്** | **നീക്കിയിരിപ്പ്** |
|---|---|---|---|---|---|---|
| 2022-23 | 0 | 418615 | 4912 | 423527 | 214190 | 209337 |
| 2023-24 | 209337 | 1012000 | 18236 | 1239573 | 180749 | 1058824 |
| 2024-25 | 1058824 | 423000 | 36137 | 1517961 | 107625 | 1410336 |

**സ്കീം 4** -ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - ലഭ്യമായ ഫണ്ട്

| **വർഷം** | **മുൻബാക്കി** | **തൻവർഷം ലഭ്യമായ തുക** | **പലിശ** | **ആകെ** | **ചെലവ്** | **നീക്കിയിരിപ്പ്** |
|---|---|---|---|---|---|---|
| 2022-23 | 0 | 213846 | 2643 | 216489 | 90000 | 126489 |
| 2023-24 | 126489 | 418000 | 8200 | 552689 | 157052 | 395637 |
| 2024-25 | 395637 | 666000 | 13391 | 1075028 | 183841 | 891187 |

2023-24 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൂട്ടാല സബ്സെന്ററിന്റെ കെട്ടിടനിർമ്മാണത്തിനായി പ്രൊജക്ട് അംഗീകാരം ലഭിച്ചുവെങ്കിലും തൻവർഷം പ്രവൃത്തി നടപ്പിലാക്കിയില്ല. നിലവിൽ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതത്

ഫണ്ടുകളുപയോഗിച്ച് ലാബ് റീ ഏജന്റ്സ് വാങ്ങൽ, രോഗനിർണ്ണയത്തിനായി ഉപകരണങ്ങൾ വാങ്ങൽ എന്നീ പ്രൊജക്റ്റുകൾ നടപ്പിലാക്കുകയും ലാബിൽ നിശ്ചിത ഊഷ്മാവിൽ മരുന്നുകൾ സൂക്ഷിക്കുന്നതിനായി എയർകണ്ടീഷനർ വാങ്ങുകയും ചെയ്തിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

- ചെലവഴിക്കാൻ ശേഷിക്കുന്ന തുക സമയബന്ധിതമായും ഫലപ്രദമായും സർക്കാർ നിർദ്ദേശപ്രകാരം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവർ ഹെൽത്ത് ഗ്രാന്റ് വിനിയോഗം കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ്.

## 1-38 ജൽ ജീവൻ മിഷൻ പദ്ധതി- അവലോകനം

**ജൽജീവൻ മിഷൻ പദ്ധതി - ലക്ഷ്യം, നടപ്പാക്കേണ്ട രീതി**

രാജ്യത്തെ ഗ്രാമീണ മേഖലയിൽ 2024 വർഷത്തോടെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ. ആവശ്യമായ അളവ് കുടിവെള്ളം ദീർഘകാലത്തേക്ക് താങ്ങാവുന്ന ചെലവിൽ ലഭ്യമാക്കുക എന്നതും ജലജീവൻ മിഷന്റെ ലക്ഷ്യമാണ്. കേന്ദ്രസർക്കാർ 21.12.2019-ൽ പുറപ്പെടുവിച്ച ജലജീവൻ മിഷൻ സംബന്ധിക്കുന്ന മാർഗ്ഗരേഖ, ജലവിഭവ വകുപ്പിന്റെ 08.06.2020-ലെ സ.ഉ.(കൈ)നം. 37/2020 ഉത്തരവ് എന്നിവ

പ്രകാരം 100% ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ജലജീവൻ മിഷൻ പദ്ധതി നടത്തിപ്പിന്റെ ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്. വില്ലേജ് വാട്ടർ & സാനിറ്റേഷൻ കമ്മിറ്റി ഗ്രാമപഞ്ചായത്ത് തലത്തിൽ വില്ലേജ് ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാ വാട്ടർ & സാനിറ്റേഷൻ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നതിനും, ഗ്രാമപഞ്ചായത്ത് തല കർമ്മപദ്ധതിയിൽ (Village Action Plan) ഉൾപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ജില്ലാ ജല ശുചിത്വ മിഷൻ, ഗ്രാമപഞ്ചായത്ത്, പദ്ധതി നിർവ്വഹണ ഏജൻസിയായ KWA എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിനും മാർഗ്ഗരേഖ ഖണ്ഡിക 3.6.(5), (6) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. മിഷന്റെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത് കേരള വാട്ടർ അതോറിറ്റിയെ ആണ്.

## ഗ്രാമപഞ്ചായത്തുകളുടെ പങ്കാളിത്തം

പദ്ധതിയുടെ അംഗീകരിച്ച പ്രവർത്തന മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾക്കുമാണ് പദ്ധതി നടത്തിപ്പിന്റെ മുഖ്യ ചുമതല. ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന ഗ്രാമ ജല ശുചിത്വ സമിതി വഴി ആണ് ഇത് നിർവ്വഹിക്കപ്പെടുന്നത്. ജല ശുചിത്വ സമിതി രൂപീകരിക്കുന്നതു വഴി ഗ്രാമപഞ്ചായത്തുകളിലെ ജനകീയ കൂട്ടായ്മകൾ, ഗുണഭോക്തൃസമിതികൾ, എന്നിവർക്ക് കുടിവെള്ള പദ്ധതികളിലൂടെ ആസൂത്രണം, നടത്തിപ്പ്, പരിപാലനം, തുടർനടത്തിപ്പ്, അറ്റകുറ്റപ്പണികൾ എന്നീ മേഖലകളിൽ പ്രധാന പങ്ക് നൽകുന്നതിനും ജനങ്ങളിൽ ഉടമസ്ഥതാബോധം കൊണ്ടുവരുന്നതിനും സാധിക്കുന്നതായി ജലജീവൻ മിഷൻ വിലയിരുത്തുന്നു.

ഓരോ ഗ്രാമപഞ്ചായത്തും നിലവിലുള്ള പ്രവർത്തനക്ഷമമായ ടാപ്പുകൾ, ഇനി ആവശ്യമുള്ള ടാപ്പ് കണക്ഷനുകളുടെ എണ്ണം കണ്ടെത്തിയത് എന്നിവ ജലഅതോറിറ്റിയുടെ സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്റെ മുൻഗണനാക്രമം അനുസരിച്ചാണ് അതത് ഗ്രാമപഞ്ചായത്തുകളിൽ പദ്ധതികൾ നടപ്പാക്കുന്നത്.

**<u>വിഭവ സ്രോതസ്സ്</u>**

കേന്ദ്ര മാർഗ്ഗ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്നാണ്. ഇതിൽ സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം 15 ശതമാനവും ഗുണഭോക്തൃ വിഹിതം 10 ശതമാനവുമാണ്. പദ്ധതി നടത്തിപ്പിനായി വിവിധ സ്ത്രോതസ്സുകളിൽ നിന്ന് ധനസമാഹരണം ( എം.പി ഫണ്ട്, മറ്റ് കേന്ദ്ര മന്ത്രാലയങ്ങൾ , കേന്ദ്ര വകുപ്പുകൾക്ക് നൽകുന്ന ഫണ്ടുകൾ , എം.എൽ.എ ഫണ്ട്, മറ്റ് സംഘടനകളിൽ നിന്ന് ലഭിക്കുന്ന തുക /സംഭാവനകൾ) നടത്താവുന്നതുമാണ്. ഗുണഭോക്തൃവിഹിതം പണമായോ, വസ്തുവകകളായോ, പ്രവൃത്തിയായോ നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

**<u>ഗ്രാമപഞ്ചായത്തിലെ പദ്ധതി നടത്തിപ്പ് - രേഖകളുടെ സൂക്ഷിപ്പ്, പദ്ധതി പുരോഗതി</u>**

ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത് വഴി നടപ്പാക്കേണ്ട ഈ പദ്ധതിയുടെ സ്ഥിതിവിവിവരക്കണക്കുകൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്. പദ്ധതി പ്രകാരം കുടിവെള്ള കണക്ഷൻ നൽകിയ കുടുംബങ്ങളുടെ എണ്ണം, ഇനി കുടിവെള്ള കണക്ഷൻ നൽകാനുള്ള

കുടുംബങ്ങളുടെ എണ്ണം, നൽകിയ കുടിവെള്ള കണക്ഷനുകളിൽ പ്രവർത്തനക്ഷമമായ കണക്ഷനുകളുടെ എണ്ണം, പ്രവർത്തനക്ഷമമല്ലാത്തവ ഏതെല്ലാം എന്നീ വിവരങ്ങളുടെ കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്തിൽ നിലവിൽ ലഭ്യമല്ല. ജലശുചിത്വ സമിതികൾ നാളിതുവരെ രൂപീകരിച്ചിട്ടില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതമായ 15 ശതമാനം, ഗുണഭോക്തൃ വിഹിതമായ 10 ശതമാനം എന്നിവ പദ്ധതി രൂപീകരിച്ച് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം 3/04.08.25 നൽകിയതിന് ലഭ്യമായ മറുപടിയുടെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 5750 ഗാർഹിക കുടിവെള്ള കണക്ഷനുകൾ ജല അതോറിറ്റി നേരിട്ട് നൽകിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചു. ഇതിനായി ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടില്ല. എന്നാൽ ഇപ്രകാരം കണക്ഷൻ നൽകിയതിന്റെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ നിലവിൽ ലഭ്യമല്ല. ഗ്രാമപഞ്ചായത്തിലെ 6 അങ്കണവാടികൾക്ക് ജലജീവൻ മിഷൻ മുഖേന കണക്ഷൻ നൽകിയിട്ടുള്ളതായും അറിയിച്ചു. കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്തിൽ നിലവിലില്ലാത്തതിനാൽ കണക്കുകൾ ജല അതോറിറ്റി മുഖേന ലഭ്യമാക്കുന്നതിനായി ജല അതോറിറ്റിക്ക് കത്ത് നൽകിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചു.

ഗ്രാമപഞ്ചായത്ത് നേരിട്ട് കുടിവെള്ള പദ്ധതികൾ നടത്തുന്നില്ല. ഗുണഭോക്തൃസമിതികൾ മുഖേന 33 കുടിവെള്ള പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്. പൊതുടാപ്പുകൾ നിലവിലില്ല. നിലവിൽ രൂക്ഷമായ

വരൾച്ച നേരിടുന്നതോ ജലലഭ്യത ഇല്ലാത്തതുമായോ ആയ പ്രദേശങ്ങൾ ഇല്ല. മലിനജല പുനരുപയോഗത്തിനായി നിലവിൽ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല. മലിനീകരണം തടയുന്നതിന് ഡ്രൈനേജ് നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ജല ഗുണനിലവാര ലാബുകൾ സ്ഥാപിച്ചിട്ടില്ല. ജില്ലാ ജല ശുചിത്വ മിഷൻ, ഗ്രാമപഞ്ചായത്ത്, പദ്ധതി നിർവ്വഹണ ഏജൻസിയായ KWA എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല, നാളിതു വരെ ഗ്രാമപഞ്ചായത്ത് ജൽ ജീവൻമിഷൻ പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല.

## <u>ജല അതോറിറ്റിയുടെ സൈറ്റിൽ നിന്നും ലഭ്യമായ വിവരങ്ങൾ</u>

ജല അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് എരിമയൂർ ഗ്രാമപഞ്ചായത്തിൽ ആകെ 3043 FHTC (Functional Household Tap Connection) ക്കുള്ള ഭരണാനുമതി ലഭ്യമായിട്ടുള്ളതിന്റെയും ഏപ്രിൽ 2020 മുതൽ 282 കണക്ഷനുകൾ നൽകിയിട്ടുള്ളതിന്റെയും ക്രോഡീകരിച്ച കണക്ക് ലഭ്യമാണ്. എന്നാൽ ഇവ ഏതൊക്കെ ഭാഗങ്ങളിലാണ് തുടങ്ങിയ വിശദാംശങ്ങൾ വെബ് സൈറ്റിൽ ലഭ്യമല്ല.(എന്നാൽ സെക്രട്ടറി ലഭ്യമാക്കിയ കണക്ക് പ്രകാരം 5750 കണക്ഷനുകൾ ഉണ്ട്)

## <u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ജല അതോറിറ്റിയിൽ നിന്നും നേരിട്ടും ജലഅതോറിറ്റിയുടെ വെബ്സൈറ്റിൽ നിന്നുമുള്ള വിവരങ്ങൾ പരിശോധിച്ച് ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ മുഴുവൻ പ്രവൃത്തികളുടെയും കൃത്യമായ വിവരം ശേഖരിച്ച് ക്രോഡീകരിച്ച് ഡിജിറ്റലായോ മാനുവലായോ

സൂക്ഷിക്കേണ്ടതാണ്. ആസ്തികൾ ജിയോ ടാഗിംഗ് ചെയ്ത് ഡിജിറ്റലൈസ് ചെയ്യേണ്ടതാണ്.

2. പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ടെങ്കിൽ അടിയന്തരമായി ഫണ്ട് വകയിരുത്തി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതും പദ്ധതി പുരോഗതിയും വെല്ലുവിളികളും ചർച്ച ചെയ്യുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യേണ്ടതാണ്.

3. ഗ്രാമപഞ്ചായത്ത് തലത്തിൽ ജലശുചിത്വ സമിതി അടിയന്തരമായി രൂപീകരിക്കേണ്ടതാണ്. നിലവിൽ കണക്ഷനുകൾ കൊടുക്കാൻ ബാക്കിയുള്ള കുടുംബങ്ങൾ ഉണ്ടെങ്കിൽ കണക്ഷൻ നൽകാനും 100% ജല ലഭ്യത ഉറപ്പുവരുത്താനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പദ്ധതി നടത്തിപ്പിൽ ജലശുചിത്വ സമിതിയുടെ മോണിറ്ററിംഗ് ജല ശുദ്ധീകരണം, സ്ഥിരമായ ജല ഗുണനിലവാര പരിശോധന, മലിനജലസംസ്കരണം, ജലസംരക്ഷണപരിപാടികൾ, എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.

5. വ്യാപകമായി ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്ന സാഹചര്യം, സ്വാഭാവിക ജലസ്രോതസ്സുകളെ സഹായിക്കുന്ന വനം, വയൽ, കാവുകൾ തണ്ണീർത്തടങ്ങൾ, എന്നിവയിലുണ്ടായ കുറവ്, സൂക്ഷ്മ കാലാവസ്ഥയിലെ മാറ്റം, പ്രകൃതിദുരന്തങ്ങൾ, മറ്റ് മുൻകൂട്ടി കാണാൻ കഴിയാത്ത വെല്ലുവിളികൾ എന്നിവ പരിഗണിച്ചുള്ള മുന്നൊരുക്കങ്ങളും മുൻകരുതലുകളും ജലശുചിത്വസമിതിയുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്.

6. ജല അതോറിറ്റി നേരിട്ട് പദ്ധതി നടപ്പാക്കുമ്പോൾ, 25% സംസ്ഥാന സർക്കാർ

വിഹിതം, 15% ഗ്രാമപഞ്ചായത്ത് വിഹിതം, 10% ഗുണഭോക്തൃവിഹിതം എന്നിവ ഉപയോഗപ്പെടുത്താതെ പകരം 100 % കേന്ദ്രസർക്കാർ വിഹിതം മാത്രം പ്രയോജനപ്പെടുത്തുകയാണ് ചെയ്യുന്നത്. പദ്ധതിയിലൂടെ യഥാർത്ഥത്തിൽ ലഭിക്കേണ്ടിയിരുന്ന ആകെ പ്രയോജനത്തിന്റെ (ഫലത്തിന്റെ) നേർപകുതി മാത്രമേ ഇപ്രകാരത്തിൽ ലഭിക്കുന്നുള്ളൂ എന്നതിനാൽ സംസ്ഥാന സർക്കാർ വിഹിതവും ഗ്രാമപഞ്ചായത്ത് വിഹിതവും ഗുണഭോക്തൃവിഹിതവും ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കാലിത്തീറ്റ സബ്സിഡി ജനറൽ-അധികം സബ്സിഡി അനുവദിച്ചു

പ്രൊജക്ട്നമ്പർ, പേര് - 52/25 , കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി ജനറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ -800000/- (വികസന ഫണ്ട്-ജനറൽ-400000, മറ്റുള്ളവ-400000)

ചെലവ് - 400000/- (വികസന ഫണ്ട്-ജനറൽ-400000)

ബിൽ നം- 8/2024-25 തീയതി- 22.03.2025

2024-25 സാമ്പത്തിക വർഷത്തിൽ ഒരു കറവ പശുവിന് ഒരു മാസം പരമാവധി 100 കിലോഗ്രാം കാലിത്തീറ്റ 50% സബ്സിഡിയോടെ ഒരു ഗുണഭോക്താവിന് പരമാവധി 10000 രൂപ എന്ന പരിധിക്ക് വിധേയമായി ക്ഷീരസഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. രേഖകൾ പരിശോധിച്ചതിന്മേലുള്ള അപാകങ്ങൾ ചുവടെ ചേർക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (22/08.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

I) പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുകയുടെ 50% ൽ അധികം തുക സബ്സിഡി അനുവദിച്ചു.

കേരള ഫീഡ്സ് എന്ന സ്ഥാപനത്തിന്റെ 17.10.2024 തീയതിയിലെ KFL/478/99/5991/24 നം പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 1515 രൂപ നിരക്കിൽ 520 ബാഗ് കേരള ഫീഡ്സ് എലൈറ്റ് കാലിത്തീറ്റയുടെ വില 787800 രൂപയാണ്. ഈ തുകയുടെ 50% 393900 രൂപയാണ്. എന്നാൽ 400000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. 6100 രൂപ അധികം നൽകിയിട്ടുണ്ട്. അധികം അനുവദിച്ച 6100 രൂപ നിരാകരിക്കുന്നു. തുക കേരള ഫീഡ്സിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-2 കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി (എസ്സ്സി)- അധിക സബ്സിഡി അനുവദിച്ചു

പ്രൊജക്ട്നമ്പർ, പേര് - 53/25 , കറവപ്പശുക്കൾക്ക് കാലിത്തീറ്റ (എസ്സ്.സി)

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ -800000/- (വികസന ഫണ്ട്- എസ്സ്സിപി -450000, മറ്റുള്ളവ-150000)

ചെലവ് - 450000/- (വികസന ഫണ്ട്-എസ്സ്സിപി-450000)

ബിൽ നം- 1/2024-25 തീയതി- 19.10.2024

കേരള ഫീഡ്സ്/മിൽമ എന്നിവയിൽ ഏതെങ്കിലും കാലിത്തീറ്റ, നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് വാങ്ങി ക്ഷീരസംഘങ്ങൾ മുഖേന 75% സബ്സിഡിയിൽ വിതരണം ചെയ്യുകയും ഗുണഭോക്തൃവിഹിതം 25% എസ്സ്സി വിഭാഗത്തിലുള്ള കർഷകരിൽ നിന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സംഘം വഴി വാങ്ങി പഞ്ചായത്തിൽ അടക്കുകയും, പദ്ധതി വിഹിതവും, ഗുണഭോക്തൃവിഹിതവും സാംഖ്യ വഴി കേരള ഫീഡ്സ്/മിൽമയുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറി

നൽകുകയും ചെയ്യുന്നു. കാലിത്തീറ്റ സംഘങ്ങളിൽ ഇറക്കുകയും സംഘം വഴി 75% സബ്സിഡിയിൽ കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്യുക എന്നതാണ് പ്രൊജക്ടിന്റെ ലക്ഷ്യങ്ങളായി പ്രൊജക്ട് രൂപീകരണ ഫോമിൽ രേഖപ്പെടുത്തിയിട്ടുള്ളത്. രേഖകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് അന്വേഷണങ്ങൾക്ക് (22/08.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I) പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുകയുടെ 75% ൽ അധികം തുക സബ്സിഡി അനുവദിച്ചു.

കേരള ഫീഡ്സ് എന്ന സ്ഥാപനത്തിന്റെ 17.10.2024 തീയതിയിലെ KFL/478/99 നം പ്രൊഫോർമ ഇൻവോസ് പ്രകാരം, 390 ബാഗ് കേരള ഫീഡ്സ് എലൈറ്റ് കാലിത്തീറ്റയുടെ വില 1515 രൂപ നിരക്കിൽ ആകെ 590850 രൂപയാണ്. ഈ തുകയുടെ 75% 443137.5 രൂപയാണ്. എന്നാൽ 450000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. 6862 രൂപ അധികം അനുവദിച്ചു. അധികം അനുവദിച്ച 6862 രൂപ നിരാകരിക്കുന്നു. തുക കേരള ഫീഡ്സിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ്

2024-25 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ റഗുലർ ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കി ഒടുക്കു വരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1) 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെയുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 19 | 85500 | 85500 | 0 | - |

**2) 01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്**

**ഇല്ല**

**3) 07/2024 മാസത്തിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്**

**ഇല്ല**

**4) 01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്**

**ഇല്ല**

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 | 4.8.2025 മുതൽ 8.08.2025വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട് |

## 4-3 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിഹിതം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | | 1026392 | മുൻ വർഷങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | 0 | 1026392 |
| ആലത്തൂർ ബ്ലോക്ക് | 2024-25 | 10950 | 159/25 സ്ഥിരം കൃഷി, | 10950 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | നെല്ല് എസ്.സി ( S.O) | | |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 175350 | 64/25 സ്ഥിരം കൃഷി, നെല്ല് എസ്.സി | 175350 | 0 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 1768835 | 63/25 സ്ഥിരം കൃഷി, നെല്ല് ,ജനറൽ | 1768835 | 0 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 200000 | 19/25 ഭിന്നശേഷി സ്കോളർഷിപ്പ്, ബത്ത | 200000 | 0 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 282139 | 15/25 അങ്കണവാടി പോഷകാഹാരം | 282139 | 0 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 40000 | 23/25 ലൈഫ് മിഷൻ ജനറൽ | 40000 | 0 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 604000 | 24/25 ലൈഫ് മിഷൻ എസ്. സി | 604000 | 0 |

| | | | | | |
|---|---|---|---|---|---|
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 928500 | 261/25 ഭവന നിർമ്മാണം എസ്. സി | 928500 | 0 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 260000 | 50/25 ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി | 260000 | 0 |
| ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 125034 | 174/25 പുള്ളോട് ചീരുറോഡ് പൊതുകിണർ നവീകരണം (S.O) | 125034 | 0 |
| ആകെ | | 5421200 | | 4394808 | 1026392 |
| ജില്ലാ പഞ്ചായത്ത് | | 421709 | മുൻ വർഷങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | | 421709 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 250000 | 50/25 ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 150000 | ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി എസ്.സി | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2024-25 | 175350 | 64/25<br>സ്ഥിരം കൃഷി, നെല്ല് എസ്.സി | 175350 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 3209550 | 63/25<br>സ്ഥിരം കൃഷി, നെല്ല് ,ജനറൽ | 3209550 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 700000 | 172/25<br>ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ | 700000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 100000 | 19/25<br>ഭിന്നശേഷി സ്കോളർഷിപ്പ്, ബത്ത | 100000 | 0 |
| ആകെ | | 5006609 | | 4584900 | 421709 |

മുൻവർഷങ്ങളിൽ ലഭിച്ചതും ചെലവഴിച്ചിട്ടില്ലാത്തതുമായ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-4 ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നൽകിയതിന്റെ വിവരം

| ക്രമ നം | വൗച്ചർനം / | തുക | തുക നൽകിയ | പ്രവൃത്തിയുടെ വിശദാംശം |
|---|---|---|---|---|

| | തിയ്യതി | | ഏജൻസി | |
|---|---|---|---|---|
| 1 | 22400296/ 05.07.24 | 66724 | അസിസ്റ്റന്റ് എഞ്ചിനീയർ, ആലത്തൂർ ഇലക്ട്രിക്കൽ സെക്ഷൻ , KSEB | ഗ്രാമപഞ്ചായത്തിന്റെ വാർഡ് 5,6,7,9,11 എന്നിവിടങ്ങളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ തീരുമാനം നം 3(7)/05.02.2025 |
| 2 | 22400843/ 24.12.2024 | 103207 | അസിസ്റ്റന്റ് എഞ്ചിനീയർ, ആലത്തൂർ ഇലക്ട്രിക്കൽ സെക്ഷൻ , KSEB | ഗ്രാമപഞ്ചായത്തിന്റെ വാർഡ് 1,2,4,18 എന്നിവിടങ്ങളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ തീരുമാനം നം 2(2)/18.06.2024 |
| 3 | 22401089/ 28.02.2025 | 130069 | അസിസ്റ്റന്റ് എഞ്ചിനീയർ, കുനിശ്ശേരി ഇലക്ട്രിക്കൽ സെക്ഷൻ , KSEB | ഗ്രാമപഞ്ചായത്തിന്റെ വാർഡ് 1,3,14,15 എന്നിവിടങ്ങളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ തീരുമാനം നം 2(2) /23.12.24 |

മേൽ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-6 വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പ യുടെ പേര്/ ഉദ്ദേശ്യം | വായ്പാ തുക | വർഷാരംഭ ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചട യ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്-HUDCO വായ്പ | | 33527694 | 360000 | 33887694 | 4134505 | 0 | 29,753,189 |

## 4-7 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 19055 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | 1261 |
| ആകെ | 20316 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20316 |

രജിസ്റ്റർ പ്രകാരം നിക്ഷേപങ്ങളുടെ വിവരം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തുക (മുന്നിരിപ്പ്) | പലിശ | തുക പലിശ ഉൾപ്പടെ |
|---|---|---|---|---|
| 1. | സൗത്ത് ഇന്ത്യൻ ബാങ്ക്, തൃപ്പാളൂർ | 2500 | 0 | 2500 |

| | | | | |
|---|---|---|---|---|
| | അക്കൗണ്ട്- FDQLG 0130100000001295 | | | |
| 2 | സൗത്ത് ഇന്ത്യൻ ബാങ്ക്, തൃപ്പാളൂർ അക്കൗണ്ട്- KNGEN 0130100000003352 | 16555 | 1261 | 20316 |
| | ആകെ | 19055 | 1261 | 20316 |

മേൽപറഞ്ഞ രണ്ട് ടേം ഡെപ്പോസിറ്റുകളുടെ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനയ്ക്ക് ലഭ്യമായില്ല

## 4-8 ഓഡിറ്റ് റിക്കവറി

വാർഷിക ധനാകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ ആകെ 31834 രൂപ വരവുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രസീത് നം / തിയ്യതി |
|---|---|---|---|---|
| 2022-23 | 1-21 | 9137 | ശ്രീമതി ലിൻസി സാമുവൽ, | 1240100723/ 13.06.24 |

| | | | | |
|---|---|---|---|---|
| | | | അസിസ്റ്റന്റ് എഞ്ചിനീയർ | |
| 2022-23 | 1-21 | 9993 | ശ്രീമതി ലിൻസി സാമുവൽ, അസിസ്റ്റന്റ് എഞ്ചിനീയർ | 1240100971/ 17.07.24 |
| 2023-24 | ഓഡിറ്റ് അന്വേഷണം 2023-24 | 2754 | ശ്രീമതി ലിൻസി സാമുവൽ, അസിസ്റ്റന്റ് എഞ്ചിനീയർ | 1240101168/ 14.08.24 |
| 2023-24 | 1-32 ക്രമ നം 1 | 4236 | ശ്രീമതി ലിൻസി സാമുവൽ, അസിസ്റ്റന്റ് എഞ്ചിനീയർ | 1240102995/ 13.01.2025 |
| 2023-24 | 1-32 ക്രമ നം2 | 3597 | ശ്രീമതി ലിൻസി സാമുവൽ, | 1240102996/ 13.01.2025 |

| | | | | |
|---|---|---|---|---|
| | | | അസിസ്റ്റന്റ് എഞ്ചിനീയർ | |
| 2023-24 | 1-32<br>ക്രമ നം 3 | 2117 | ശ്രീമതി ലിൻസി സാമുവൽ, അസിസ്റ്റന്റ് എഞ്ചിനീയർ | 1240102997/<br>13.01.2025 |
| ആകെ | | 31834 | | |

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയില്ല

## 4-10 ചാർജ് സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 100479286.80 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58714270 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12962 |
| ഭാഗം - 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം | 1523 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1404363 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 6100 | ശ്രീമതി.ഉമൈബ ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-2 | | 6862 | ശ്രീമതി.ഉമൈബ ഡയറി ഫാം ഇൻസ്ട്രക്ടർ |
| ആകെ | | 12962 | |

ഭാഗം - 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വിവരം |
|---|---|---|
| 1 -34 | 1523 | ശ്രീമതി ലിൻസി സാമുവൽ , അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ വിവരം |
|---|---|---|
| 1 -15 | 393900 | ശ്രീമതി.ഉമൈബ ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1 -16 | 443138 | ശ്രീമതി.ഉമൈബ ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1 -22 | 450000 | ശ്രീ. സോമസുന്ദരൻ.കെ , അസി.സെക്രട്ടറി |
| 1 -23 | 42500 | ശ്രീ. സോമസുന്ദരൻ.കെ , അസി.സെക്രട്ടറി |
| 1 -26 | 74825 | ശ്രീ. സോമസുന്ദരൻ.കെ , അസി.സെക്രട്ടറി |

| | |
|---|---|
| | 1404363 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഒന്നുമില്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക- 1-12

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായ വരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ലിൻസി സാമുവൽ , അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, അലയമൺ ഗ്രാമപഞ്ചായത്ത്(കൊല്ലം) | കൊരംവിള, സാലിഭവൻ,വാളകം (പി ഒ) കൊട്ടാരക്കര |
| ശ്രീ.സോമസുന്ദരൻ.കെ അസി.സെക്രട്ടറി | അസി.സെക്രട്ടറി എരിമയൂർ ഗ്രാമപഞ്ചായത്ത് | പറയൻകുളമ്പ്, എത്തന്നൂർ (പിഒ) കൊടുവായൂർ |
| | | |

| | | |
|---|---|---|
| ശ്രീമതി.ഉമൈബ ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ ആലത്തൂർ | തറക്കളം വീട് അയിലൂർ (പി ഒ) നെന്മാറ |

## 4-12 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008 -09 | KSA-PKD.10/1735/22/ 29-11-22 | 3 |
| 2009-10 | KSA-PKD.10/1735/22/ 29-11-22 | 1 |
| 2010-11 | KSA-PKD.10/1735/22/ 29-11-22 | 2 |
| 2011-12 | KSA-PKD.10/1735/22/ 29-11-22 | 3 |

| | | |
|---|---|---|
| 2012-13 | KSA-PKD.10/1735/22/ 29-11-22 | 1 |
| 2015-16 | KSA-PKD.10/1735/22/ 29-11-22 | 2 |
| 2016-17 | KSA-PKD.10/1735/22/ 29-11-22 | 2 |
| 2017-18 | KSA-PKD.10/1735/22/ 29-11-22 | 3 |
| 2018-19 | KSA-PKD.10/1735/22/ 29-11-22 | 10 |
| 2019-20 | KSA-PKD.10/676/21/ 05-07-21 | 36 |
| 2020-21 | KSA-PKD.10/1629/22/ 27-07-22 | 16 |
| 2021-22 | KSA-PKD.10/2703/22/ 17-01-23 | 35 |
| 2022-23 | KSA-PKD.10/1581/23/ 14-11-23 | 23 |
| 2023-24 | KSA-PKD.10/1265/24/ 24-10-24 | 16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 3 dated 17-05-2025 and submitted on 20-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Erimayur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of

explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Erimayur Grama Panchayat as on 31-03-2025

**Date: 07/10/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Erimayur Grama Panchayat for the Year 2024-2025.

### 1.Major Observations

-

### 2.Other Observations

1. cash flow statement- mismatch between Net increase/decrease in cash and cash equivalents and Net cash generated by Operating+Investing+Financing Activity
2. Fixed deposit receipt not produced for physical verification in audit, hence the accuracy can not be verified

3. investment shares not included in balance sheet

4. Asset Register not updated

5 Bank reconciliation statement of 4 bank accounts not done

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ എരിമയൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**annexure 3**

# **വാർഷികകണക്ക് സംക്ഷിപ്തം**

| | | | |
|---|---|---|---|
| Erimayur Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2024 to 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 39039837.80 |
| Cash | Cash | RP-40(a) | 106884.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1042774.00 |
| 130000000 | Rental income from Panchayat Properties | RP-3 | 122000.00 |
| 140000000 | Fees & User Charges | RP-4 | 3097833.00 |
| 150000000 | Sale & Hire Charges | RP-5 | 215929.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 21328251.00 |
| 171000000 | Interest Earned | RP-9 | 657064.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | RP-13 | 4713.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 21000665.00 |
| 341000000 | Deposit Works | RP-34 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-45 | 12373979.00 |
| 460000000 | Loans, Advances and Deposits | RP-49 | 32000.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 3000.00 |
| 180000000 | Other Income | RP-10 | 32741.00 |
| 330000000 | Secured Loans | RP-31 | 360000.00 |
| 340000000 | Deposits Received | RP-33 | 160995.00 |
| 350000000 | Other Liabilities | RP-35 | 900621.00 |
| | Grand total | | 100479286.80 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 2570.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 55985.00 |

| | | | |
|---|---|---|---|
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 18000.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 17107677.00 |
| 460000000 | Loans, Advances and Deposits | RP-49 | 1849545.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 49448.00 |
| 350000000 | Other Liabilities | RP-35 | 39631045.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 41574200.80 |
| Cash | Cash | RP-40(b) | 190816.00 |
| | Grand Total | | 100479286.80 |

| | | | |
|---|---|---|---|
| INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2024 to 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6591366.00 |

| | | | |
|---|---|---|---|
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 122000.00 |
| 140000000 | Fee & User Charges | I-4 | 3424283.00 |
| 150000000 | Sale & Hire Charges | I-5 | 220787.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 192657918.00 |
| 170000000 | Income from Investments | I-7 | 4261.00 |
| 171000000 | Interest Earned | I-8 | 657064.00 |
| 180000000 | Other Income | I-9 | 32741.00 |
| 190000000 | Prior Period Income | I-19 | -1099.00 |
| | Total Income | | 203710420.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 15165359.00 |
| 220000000 | Administrative Expenses | I-11 | 1625132.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12 | 3241338.00 |
| 240000000 | Interest & Finance Charges | I-13 | 6453.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 14183597.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 34983470.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 13825776.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 26006951.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under | I-14(D) | 76379200.00 |

| | | | |
|---|---|---|---|
| | Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1585320.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 19553284.00 |
| | Total Expenditure | | 206555880.00 |
| | Gross Surplus / Deficit of income over Expenditure | | -2845460.00 |
| | Gross Surplus / Deficit of income over Expenditure | | 3194773.00 |

| BALANCE SHEET | | | |
|---|---|---|---|
| 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 5458593.81 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 23200.00 |
| 312000000 | Reserves | B-3 | 130235951.00 |
| | Total Reserve & Surplus | | 135717744.81 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 19513414.00 |
| | Total Grants, Contributions for Specific Purposes | | 19513414.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 29753189.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 29753189.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1194215.00 |

| | | | |
|---|---|---|---|
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2115214.99 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3309429.99 |
| | TOTAL LIABILITIES | | 188293777.80 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 1414873.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 3517754.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 60570532.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 142269915.00 |
| 416000000 | Accumulated Depreciation | B-11(a) | -109190859.00 |
| | Total Fixed Assets | | 98582215.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20316.00 |

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 20316.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 32990.00 |
| 431000000 | Sundry Debtors (Receivables) | B-15 | 17324835.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 29193189.00 |
| 450000000 | Cash and Bank Balance | B-17 | 41765016.80 |
| 460000000 | Loans, Advances and Deposits | B-18 | 1375216.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 89691246.80 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 188293777 |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -6041332.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 6040233.00 |